**പതിമൂന്നാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011-2014)

## ഏഴാമത് റിപ്പോർട്ട്

(2012 ജൂലൈ 25-ാം തീയതി സമർപ്പിച്ചത്)

**2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച 1255/2008, 351/2009, 836/2009 എന്നീ നമ്പർ എസ്. ആർ. ഒ.കൾ സംബന്ധിച്ച്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011-2014)

## ഏഴാമത് റിപ്പോർട്ട്

(2012 ജൂലൈ 25-ാം തീയതി സമർപ്പിച്ചത്)

**2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച 1255/2008, 351/2009, 836/2009 എന്നീ നമ്പർ എസ്. ആർ. ഒ.കൾ സംബന്ധിച്ച്**

2011/2012.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 15 |
| അനുബന്ധം II-S.R.O. 1255/2008, S.R.O. 351/2009, S.R.O. 836/2009 | .. | 19 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011–2014)

## ഘടന

ചെയർമാൻ :

ശ്രീ. എം. ഉമ്മർ

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗീസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2011-2014) അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങൾ (എസ്. ആർ. ഒ. നമ്പർ 1255/2008, 351/2009, 836/2009) സമിതി വിശദമായ പഠനത്തിന് വിധേയമാക്കി. നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടോ എന്നു വിലയിരുത്തുന്നതിനും പ്രായോഗിക തലത്തിൽ പോരായ്മകൾ അനുഭവപ്പെടുന്നുണ്ടോയെന്നു വിലയിരുത്തുന്നതിനും കർഷകർ, കർഷകസംഘടനകൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും അഭിപ്രായങ്ങൾ ആരായുന്നതിനുമായി സമിതി കാസർഗോഡ്, പാലക്കാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ യോഗം ചേരുകയുണ്ടായി. 13-3-2012-നു തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ നിയമത്തിലെ വ്യവസ്ഥകൾ നിറവേറ്റപ്പെടാതെ പോകുന്നതിനുള്ള കാരണങ്ങൾ കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പു സെക്രട്ടറിമാരുമായി വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ഈ വിഷയത്തിൽ സമിതി നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സമിതി നടത്തിയ തെളിവെടുപ്പു യോഗങ്ങളിൽ ഹാജരായി സമിതിക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയ ഉദ്യോഗസ്ഥൻമാരുടെ പേരുവിവരം ഈ റിപ്പോർട്ടിന്റെ അനുബന്ധം I-ലും, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളും (എസ്. ആർ. ഒ. നമ്പർ 1255/2008) അതിന്റെ ഭേദഗതി ചട്ടങ്ങളും (എസ്. ആർ. ഒ. നമ്പർ 351/2009, 836/2009) അനുബന്ധം II-ലും ചേർത്തിരിക്കുന്നു.

2012 ജൂലൈ 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. ഉമ്മർ,**

*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ, 25.

**2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിനുകീഴിൽ വിജ്ഞാപനം ചെയ്ത 1255/08, 351/09, 836/09 എന്നീ എസ്. ആർ. ഒ. കൾ സംബന്ധിച്ച റിപ്പോർട്ട്**

പ്രകൃതിയും മനുഷ്യനും പരസ്പരം ഇഴുകി ചേർന്ന് ജീവിച്ചിരുന്ന കാലത്തെ കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക രംഗത്തെ നെടുംതൂണായിരുന്നു നെൽകൃഷി. പ്രകൃതിയുമായും സംസ്കാരവുമായും സമ്പദ് വ്യവസ്ഥയുമായും അഭേദ്യമായ ബന്ധം പുലർത്തുന്ന ഘടകമാണ് നെൽകൃഷി. പരിസ്ഥിതിയേയും ജീവജാലങ്ങളേയും അനിയന്ത്രിതമായി ചൂഷണം ചെയ്തതുവഴി വിശാലമായ നെൽപ്പാടങ്ങളും ജൈവ ആവാസവ്യവസ്ഥയുടെ ഈറ്റില്ലങ്ങളായ തണ്ണീർത്തടങ്ങളും അപ്രത്യക്ഷമാകാൻ തുടങ്ങി. കൂടാതെ കേരളത്തിന്റെ അനിയന്ത്രിതമായ നഗരവല്ക്കരണവും വ്യവസായ വല്ക്കരണവും നെൽപ്പാടങ്ങൾ വൻ തോതിൽ നികത്തപ്പെടുന്നതിന് കാരണമായി. എൺപതുകളുടെ ആരംഭം മുതൽ കേരളത്തിലെ നെൽവയലുകൾ അതിവേഗം ചുരുങ്ങാൻ തുടങ്ങി. 1966-ൽ 8.20 ലക്ഷം ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന നെൽകൃഷി 2006-07 ആയപ്പോൾ 2.64 ലക്ഷം ഹെക്ടറായി കുത്തനെ കുറഞ്ഞു. അങ്ങനെ നെൽപ്പാടങ്ങളുടെ രൂപാന്തരണത്തിലൂടെ പരിസ്ഥിതിയുടെ സംതുലനവും മഴജലം സംഭരിച്ച് ഭൂജലവിതാനം ഉയർത്തുന്ന പ്രകൃതിയുടെ അരിപ്പകളായ നീർത്ത ടങ്ങളുടെ നാശവും മണ്ണിന്റെ ഫലഭൂയിഷ്ഠതയെ പ്രതികൂലമായി ബാധിക്കുന്നതായ ജൈവസമ്പുഷ്ടതാക്കുറവിനും വ്യാപകമായ മണ്ണൊലിപ്പിനും കിണറുകളിലെയും കുളങ്ങളിലെയും മറ്റും ജലനിരപ്പ് താഴുന്നതിനും ഇടയാക്കിയിട്ടുണ്ട്. പരിസ്ഥിതി ഘടനയുടെ സഹജസ്വഭാവം വീണ്ടെടുക്കാനാവാത്തവിധം എന്നെന്നേക്കുമായി നഷ്ട പെടുന്നതുവഴി ഉണ്ടാകുന്ന യഥാർത്ഥ നഷ്ടം നാളത്തെ തലമുറയ്ക്കുകൂടിയാണ്.

2. കേരളം തണ്ണീർത്തടങ്ങളാൽ സമൃദ്ധമാണ്. കായലുകൾ, ചതുപ്പുനിലങ്ങൾ, ചേറ്റുപ്രദേശങ്ങൾ, കണ്ടൽക്കാടുകൾ തുടങ്ങിയവയാണ് പൊതുവേ തണ്ണീർത്തടങ്ങ ളായി വിവക്ഷിക്കപ്പെടുന്നത്. കരഭൂമിയുടെയും ജലാശയത്തിന്റെയും സവിശേഷതകൾ ഉൾക്കൊള്ളുന്നതുകൊണ്ട് ഭൂമിയുടെ ഏറ്റവും വൈവിദ്ധ്യമാർന്ന പരിസ്ഥിതിഘടന ഉള്ളവയാണ് തണ്ണീർത്തടങ്ങൾ. ഇവ ഭക്ഷ്യവസ്തുക്കളും കാലിത്തീറ്റയും ഇന്ധനവും ചകിരിനാരുമെല്ലാം പ്രദാനം ചെയ്യുകയും ദീർഘകാലം ജലം സംഭരിച്ച് ജലലഭ്യത ഉറപ്പുവരുത്തുകയും വെള്ളപ്പൊക്കത്തെ തടയുകയും കടലാക്രമണത്തെ ചെറുത്തു നിറുത്തുകയും വിവിധ സസ്യവർഗങ്ങൾക്കും വിവിധ ജന്തു സമൂഹ ങ്ങൾക്കും ആവാസ വ്യവസ്ഥ പ്രദാനം ചെയ്യുകയും ചെയ്യുന്നു. മനുഷ്യന്റെ അദമ്യ മായ ആഗ്രഹങ്ങൾക്കുവേണ്ടി ഭൂജലവിതാനത്തിൽ പ്രധാന പങ്കു വഹിക്കുന്ന തണ്ണീർത്തടങ്ങൾ അപ്രത്യക്ഷമാകുന്ന പ്രവണത നാൾക്കുനാൾ അധികരിക്കുന്നു.

3. തണ്ണീർത്തടങ്ങളുടെ പ്രാധാന്യവും പ്രയോജനവും ശ്രദ്ധിക്കപ്പെടുന്നത് 1971-ലെ ചരിത്രപ്രസിദ്ധമായ റാംസാർ കൺവെൻഷനെത്തുടർന്നാണ്. അന്തർദേശീയ പ്രാധാന്യമുള്ള 1650 തണ്ണീർത്തടങ്ങളുടെ പട്ടികയിൽ നമ്മുടെ വേമ്പനാട്-കോൾ പ്രദേശങ്ങളും, അഷ്ടമുടിക്കായലും ശാസ്താംകോട്ട കായലും ഇടം പിടിച്ചിട്ടുണ്ട്. ഇതിനു പുറമേ കോഴിക്കോട് ജില്ലയിലെ കോട്ടൂളിയും കോഴിക്കോട്, മലപ്പുറം ജില്ല കളിലെ കടലുണ്ടി പ്രദേശങ്ങളും ദേശീയ തണ്ണീർത്തട സംരക്ഷണ പദ്ധതിയിൻ

കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കായലുകളും ചതുപ്പുനിലങ്ങളും മറ്റു ജലാശയങ്ങളുമായി 217 തണ്ണീർത്തടങ്ങളാണ് സംസ്ഥാനത്തുളളത്. ഇവയിൽ 17 എണ്ണം 50 ഹെക്ടറിൽ കൂടുതൽ വിസ്തൃതി ഉളളതാണ്. ഇവയുടെ ആകെ വിസ്തൃതി 127930 ഹെക്ടറാണ്. നമ്മുടെ 34 കായലുകളുടെ മൊത്ത വിസ്തൃതി 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ 136000 ഏക്കറായിരുന്നു. അത് ഇന്ന് ചുരുങ്ങി ചുരുങ്ങി 60,000 ഏക്കറായിരിക്കുന്നു. 700 ചതുരശ്ര കിലോമീറ്റർ ഉണ്ടായിരുന്ന കണ്ടൽക്കാടുകൾ ഇന്ന് വെറും 50 ചതുരശ്ര കിലോമീറ്ററായി ചുരുങ്ങി. പരിസ്ഥിതി വനം മന്ത്രാലയവും ബഹിരാകാശ ഗവേഷണകേന്ദ്രത്തിന്റെ സ്പേസ് ആപ്ലിക്കേഷൻ സെന്ററും സംയുക്തമായി നടപ്പാക്കുന്ന നാഷണൽ വെറ്റ്ലാന്റ് ഇൻവെന്ററി ആന്റ് അസസ്മെന്റ് (എൻ. ഡബ്യൂ. ഐ. എ) പ്രോജക്ടിന്റെ ഭാഗമായി നടത്തിയ നീർത്തട നിർണ്ണയപ്രകാരം കേരളത്തിലെ 160590 ഹെക്ടർ പ്രദേശം നീർത്തടങ്ങളാണ്. 1762 വലിയ നീർത്തടങ്ങളും 2.25 ഹെക്ടറിൽ താഴെ വിസ്തീർണ്ണമുളള 2592 നീർത്തടങ്ങളും ഇവിടെ കണ്ടെത്തിയിട്ടുണ്ട്.

4. നെൽപ്പാടങ്ങളുടെ വിസ്തീർണ്ണവും നെല്ലുല്പാദനവും കുറഞ്ഞത് നമ്മുടെ ഭക്ഷ്യ സുരക്ഷയെ പ്രതികൂലമായി ബാധിച്ചതും, മറ്റുളള സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സ്ഥിതിവിശേഷത്തിലേക്ക് നയിച്ചതും, നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് പരിസ്ഥിതിയിലും സമ്പദ് വ്യവസ്ഥയിലുമുണ്ടാക്കുന്ന ആഘാതങ്ങളെക്കുറിച്ചുമുളള അവബോധവുമാണ് 2007-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കുവാൻ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ.

5. 2008 ജൂലൈ 24-ന് നിയമസഭ പാസാക്കിയ 2007-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2008, ആഗസ്റ്റ് 12 മുതൽ പ്രാബല്യത്തിൽ വന്നു. ചരിത്രത്തിൽ ആദ്യമായി നെൽകർഷകനെ സഹായിക്കുവാൻ സാമ്പത്തിക സഹായമുൾപ്പെടെ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ നിയമത്തിലാണ് വ്യവസ്ഥ ചെയ്യുന്നത്. കർഷകനെ സഹായിക്കുന്നതിനും കൃഷിഭൂമി നിലനിർത്തുന്നതിനും വേണ്ടിയുളള നിയമം ഇന്ത്യയിൽത്തന്നെ ഇതാദ്യമാണ്. പശ്ചിമബംഗാൾ ഒഴികെ മറ്റൊരു സംസ്ഥാനത്തും തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിനുളള നിയമ നിർമ്മാണം നടത്തിയിട്ടില്ല. അങ്ങനെ കേരളം ഭൂവിനിയോഗരംഗത്ത് ഇന്ത്യയ്ക്ക് മാതൃകയാകുകയാണ്.

6. പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ആക്ടിലെ 30-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണചട്ടങ്ങൾ എസ്. ആർ. ഒ. നമ്പർ 1255/08 തീയതി 24-12-2008 വിജ്ഞാപനം [ജി.ഒ.(പി) നമ്പർ 443/08/റവന്യൂ] പുറപ്പെടുവിക്കുകയുണ്ടായി. ഇതു കൂടാതെ കേരള നെൽവയൽ സംരക്ഷണ ആക്ടിലെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനായി സർക്കാർ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ അധികാരപരിധി നിശ്ചയിച്ച് നൽകി അവരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി നിയമിച്ചുകൊണ്ട് 351/2009-ാം നമ്പർ എസ്.ആർ.ഒ. പുറപ്പെടുവിച്ചു. ആക്റ്റിലെ 30-ാം വകുപ്പു പ്രകാരം പുറപ്പെടുവിച്ച 1255/2008 നമ്പർ എസ്.ആർ.ഒ.യ്ക്ക് ഭേദഗതി വരുത്തികൊണ്ട് 836/2009-ാം നമ്പർ എസ്.ആർ.ഒ.

വിജ്ഞാപനം ചെയ്തു പ്രസ്തുത എസ്.ആർ.ഒ. യിൽ പ്രാദേശികതല നിരീക്ഷണ സമിതി രൂപീകരണം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തിയിരിക്കുന്നു. ആക്ടിലെ 12(1), 12(5), 13, 19(1) എന്നീ വകുപ്പുകൾക്ക് ഭേദഗതി വരുത്തിക്കൊണ്ടു ള്ളതാണ് 2011-ലെ കേരള നെൽവയൽ സംരക്ഷണ (ഭേദഗതി) ആക്ട്. പ്രസ്തുത ഭേദഗതി ആക്ടിന് 2008 ആഗസ്റ്റ് 12-ാം തീയതി മുതൽ മുൻകാല പ്രാബല്യമുണ്ട്.

7. സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും നെൽവയലുകൾ/ നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും പ്രാധാന്യം നൽകുന്ന നിയമം എന്ന നിലയിൽ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ചട്ടങ്ങളിലൂടെ ഫലപ്രദമായി നിറവേറ്റ പ്പെടുന്നുണ്ടോയെന്നും പ്രായോഗിക തലത്തിൽ ചട്ടങ്ങളിൽ പോരായ്മകൾ അനുഭവ പ്പെടുന്നുണ്ടോയെന്നും ചർച്ച ചെയ്ത സമിതി 2007-ൽ ആക്റ്റ് നിലവിൽ വന്നിട്ടും നാളിതുവരെ അതിന്റെ നിർവ്വഹണത്തിൽ പോരായ്മ ഉണ്ടെന്ന വസ്തുത കണക്കിലെ ടുത്ത് ഇതു സംബന്ധിച്ച് വിശദമായ ഒരു പഠനം ആവശ്യമാണെന്ന് കണ്ടെത്തുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. 2010 ഫെബ്രുവരി മാസം 2-ാം തീയതി തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി നിയമ വകുപ്പുമായി ഒരു പ്രാരംഭ ചർച്ച നടത്തിയിരുന്നു. ആക്ടിലും ചട്ടത്തിലും വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ചും പ്രായോഗികതല നിർവ്വഹണത്തിലെ പോരായ്മകൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി 23-1-2012-ൽ കാസർഗോഡും 21-2-2012-ൽ പാലക്കാടും സമിതി യോഗം ചേരുകയും കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ, കർഷകർ, പാടശേഖര സമിതി പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും തെളിവെടുക്കുകയും, അഭിപ്രായങ്ങളും/നിർദ്ദേശങ്ങളും, പരാതികളും സ്വീകരിക്കുകയും ചെയ്തു. ആക്ടിലെ വ്യവസ്ഥകളുടെ നിർവ്വഹണം സംബന്ധിച്ച് 14-2-2012-ന് സമിതി തിരുവനന്തപുരത്ത് യോഗം ചേരുകയും കൃഷി, തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുക യുമുണ്ടായി.

8. പ്രസ്തുത സന്ദർശനങ്ങളിലും യോഗങ്ങളിലും ഉയർന്നുവന്ന നിർദ്ദേശങ്ങളും പരാതികളും, അഭിപ്രായങ്ങളും ക്രോഡീകരിക്കുന്നതിനും ആക്ടിലും ചട്ടത്തിലും വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം ആരായുന്നതിനുമായി സമിതി 13-3-2012-ന് തിരുവനന്തപുരത്ത് വീണ്ടും യോഗം ചേരുകയും കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ സെക്രട്ടറി മാരുമായി വിശദമായ ചർച്ച നടത്തുകയും ചെയ്തു. ടി യോഗത്തിൽ ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളെ സമന്വയിപ്പിച്ചും സമിതിക്ക് നേരിട്ട് ബോധ്യപ്പെട്ട വസ്തുത കളെ അടിസ്ഥാനമാക്കിയുമുള്ള നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്നതുമാണ് ഈ റിപ്പോർട്ടിന്റെ ഉള്ളടക്കം.

9. ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി സംബന്ധിച്ചും, ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ, കർഷകസംഘടനങ്ങൾ എന്നിവർക്ക് പരാതി കളോ നിർദ്ദേശങ്ങളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ അവ സ്വീകരിക്കുന്നതിനുമായി സമിതി 23-1-2012-ന് കാസർഗോഡ് ജില്ലയിൽവച്ച് ആദ്യ തെളിവെടുപ്പ് യോഗം നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സമിതിക്ക് ചട്ട നിർവ്വഹണത്തിലെ

പോരായ്മകൾ ബോദ്ധ്യപ്പെടുകയും, കർഷകർ, പാടശേഖര സമിതി പ്രവർത്തകർ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും ഉയർന്നുവന്ന വിലപ്പെട്ട അഭിപ്രായങ്ങളും/നിർദ്ദേശങ്ങളും പരാതികളും നേരിട്ട് ബോദ്ധ്യപ്പെടുവാൻ സാധിക്കുകയും ചെയ്തു. ഇപ്രകാരം സമിതി മുൻപാകെ അവതരിപ്പിക്കപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

10. നെൽകൃഷിയുടെ കാര്യത്തിൽ തൊഴിലാളികളുടെ ലഭ്യതക്കുറവുണ്ടെന്നും അത് തൊഴിലാളികൾ തൊഴിലുറപ്പു പദ്ധതിയിൽപ്പെടുന്ന ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതുകൊണ്ടാണെന്നും അതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ നെൽകൃഷി സംബന്ധമായ ജോലികൾകൂടി ഉൾപ്പെടുത്തണമെന്നും ജില്ലയിലെ 1200-ൽ പരം ഹെക്ടർ സ്ഥലം തരിശുഭൂമിയാണെന്നും ഭൂമാഫിയ സംഘങ്ങൾക്ക് പ്രചോദനമാകുന്ന തരത്തിൽ അത് ഇടിച്ചു മണ്ണിട്ട്, പൂർവ്വ സ്ഥിതിയിലാക്കാൻ പറ്റാത്ത രീതിയിൽ പരിവർത്തനപ്പെടുത്തുന്നതായും, ഒരു സാമ്പത്തിക വർഷം തുടക്കത്തിൽ എത്ര ഏക്കർ നെൽവയൽ ഓരോ പഞ്ചായത്തിലും ഉണ്ട് എന്നതിന്റെയും അതിൽ വർഷാവസാനം കുറവ് വന്നിട്ടുണ്ടെങ്കിൽ പഞ്ചായത്ത്/മുൻസിപ്പാലിറ്റി, വില്ലേജ് അധികാരികൾ മറുപടി പറയേണ്ട രീതിയിൽ ഓഡിറ്റ് സംവിധാനം കൊണ്ടുവരണം എന്നും നികത്തപ്പെട്ട വയലുകൾ പൂർവ്വസ്ഥിതിയിലാക്കാൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കണമെന്നും അപ്രകാരം പൂർവ്വസ്ഥിതിയിലാക്കിയതിനുശേഷം അതിനു ചെലവായ തുക ഉടമസ്ഥനിൽ നിന്നും ഈടാക്കണമെന്നും ഉള്ള നിർദ്ദേശങ്ങൾ/പരാതികൾ യോഗത്തിൽ ഉയർന്നു വന്നു. എല്ലാ കൃഷി ഭവനുകളിലും ട്രാക്റ്റർ, ടില്ലർ, മെതിയന്ത്രം എന്നിവ ലഭ്യമാക്കണമെന്നും കാസർഗോഡ് ജില്ല ജൈവകൃഷി മേഖലയായി പ്രഖ്യാപിച്ചതിനാൽ ജൈവവളവും ജൈവകീടനാശിനിയും ആവശ്യത്തിന് ലഭ്യമാക്കുന്നതിനും അവയ്ക്ക് സബ്സിഡി നൽകുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കണമെന്നും ആക്ട് ശരിയായ രീതിയിൽ നടപ്പാക്കുന്നതിനായി ഫ്ളൈയിംഗ് സ്ക്വാഡ് സംവിധാനം ഏർപ്പെടുത്തണമെന്നുമുള്ള അപേക്ഷകൾ സമിതി മുമ്പാകെ സമർപ്പിക്കപ്പെട്ടു. കൂടാതെ കാസർഗോഡ് ജില്ലയിലെ ആകെയുള്ള 39 പഞ്ചായത്തുകളിൽ 20 എണ്ണത്തിൽ ഡേറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ടെന്നും നാല് ബ്ലോക്കുകളായുള്ള 5886.25 ഹെക്ടർ ഭൂമിയിൽ കൃഷിഭവൻ തലത്തിൽ വില്ലേജ് ഓഫീസർമാരും കൃഷി ഓഫീസർമാരും ഒരുമിച്ചാണ് ഡേറ്റാബാങ്കിനുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ചതെന്നും ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു. നിലം നികത്തിക്കഴിഞ്ഞാൽ പൂർവ്വസ്ഥിതിയിലാക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും നടപടിയൊന്നും ഉണ്ടാവാത്തതിനു കാരണം ഫണ്ടിന്റെ അഭാവമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിക്കുകയും എന്നാൽ അങ്ങനെയുള്ള നിലം ആക്റ്റിലെ 16-ാം വകുപ്പ് പ്രകാരം പഞ്ചായത്ത് ഏറ്റെടുത്ത് കൃഷി ചെയ്യാനുള്ള അധികാരം പഞ്ചായത്തിന് നല്കാവുന്നത് ഒരു പോംവഴിയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു. നെൽവയൽ-തണ്ണീർത്തടങ്ങൾ നികത്തുന്നതായോ പരിവർത്തനപ്പെടുത്തുന്നതായോ ഉള്ള പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ റിപ്പോർട്ട് ചെയ്യേണ്ട ചുമതലയുള്ള കൃഷി ഓഫീസർമാർ ആർ.ഡി.ഒ. യ്ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ തുടർനടപടി സ്വീകരിക്കുന്നതിന് നിലവിൽ സംവിധാനമില്ല എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഡേറ്റാബാങ്ക് തയ്യാറാക്കി കഴിഞ്ഞുവെങ്കിലും അത് പ്രസിദ്ധീകരിക്കുന്നതിനുള്ള താമസമാണ് ഇനിയുള്ളത് എന്ന വസ്തുത മനസ്സിലാക്കിയ സമിതി അതിനുള്ള

നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ് ആവശ്യമെന്ന് വിലയിരുത്തുകയും പ്രാദേശിക സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

11. തുടർന്ന് സമിതി ആക്ടിന്റെ സുഗമമായ നടത്തിപ്പിന് വേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 14-2-2012-ന് തിരുവനന്തപുരത്ത് യോഗം ചേരുകയും കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥ പ്രതിനിധി കളിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ നെൽവയലുകളുടെ പരിവർത്തനം തടയുക, നെൽകൃഷി പ്രോത്സാഹിപ്പിക്കുക, പ്രാദേശിക നിരീക്ഷണ സമിതിയുടെ രൂപീകരണം നടത്തുക, ഡേറ്റാബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധീകരിക്കുക തുടങ്ങിയ സുപ്രധാന കാര്യങ്ങളിൽ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ ഏത് ഘട്ടം വരെയായി എന്ന് ചർച്ച ചെയ്യുകയും നെൽവയൽ-തണ്ണീർത്തട സംരക്ഷണത്തിൽ കൃഷി, തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുടെ ഏകോപനം ഉണ്ടാകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഒരു നിയമം നിലവിൽ വന്ന് 4 വർഷം കഴിഞ്ഞിട്ടും പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രാഥമിക നടപടിയായ പ്രാദേശികതല നിരീക്ഷണ സമിതി യുടെ രൂപീകരണത്തിൽ പോലും കാലതാമസമുണ്ടായതായി സമിതി വിലയിരുത്തി. 2011-ലെ ഭേദഗതി പ്രകാരം ആർ. ഡി. ഒ.യ്ക്ക് പകരം വില്ലേജ് ഓഫീസറുടെ പദവി യിലുള്ള ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തിയത് സംബന്ധിച്ചുള്ള ചട്ടങ്ങൾ ഇനിയും പുറപ്പെടുവിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

12. 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിലെ വ്യവസ്ഥകളുടെ നിർവ്വഹണത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അവ മനസ്സിലാക്കാനും കർഷകർ, പാടശേഖര സമിതി പ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ചർച്ച നടത്തു ന്നതിനുമായി കേരളത്തിന്റെ പ്രധാന നെല്ലുല്പാദനജില്ലയായ പാലക്കാട് വച്ച് 21-2-2012-ന് സമിതി യോഗം ചേരുകയുണ്ടായി. പ്രസ്തുതയോഗത്തിൽ ജില്ലയിലെ ആകെ നെൽവയലുകളുടെ വിസ്തീർണ്ണം 68943.697 ഹെക്ടർ ആണെന്നും തണ്ണീർത്തടങ്ങളുടെ വിസ്തീർണ്ണം 1963.9148 ഹെക്ടർ ആണെന്നും ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു. കേരളത്തിൽ നെൽകൃഷി കൂടുതലുള്ള പാലക്കാട് ജില്ലയിലും നെൽവയലുകൾ നികത്തുന്നത് വ്യാപകമാണെന്ന് സമിതി കണ്ടെത്തി. ആക്ടിലെ വ്യവസ്ഥകളുടെ ദുരുപയോഗം വഴി നെൽവയൽ പരിവർത്തനപ്പെടുത്തുന്നതായ ധാരാളം പരാതികൾ സമിതിക്ക് ലഭിച്ചു. നെൽകൃഷി സംരക്ഷിക്കാൻ വേണ്ടി നിയമം കർഷകന്റെ മേൽ അടിച്ചേൽപ്പിക്കുന്നതിനു പകരം നെൽകൃഷി ആദായകര മാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കേണ്ടതെന്നും ഇപ്പോൾ തയ്യാറാക്കിയിരി ക്കുന്ന ഡേറ്റാബാങ്ക് വസ്തുതകൾക്ക് നിരക്കാത്തതാണെന്നും, സ്ഥലപരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ പുതിയ ഡേറ്റാബാങ്ക് തയ്യാറാക്കാനുള്ള നടപടി യാണ് സ്വീകരിക്കേണ്ടതെന്നും നെൽവയൽ നികത്തുന്നതു തടയാൻ കൊണ്ടുവന്ന നിയമം കാര്യക്ഷമമായി നടപ്പാക്കുന്നില്ല എന്നും പ്രാദേശിക, ജില്ലാതല സമിതി കളെല്ലാം വയൽ നികത്തുന്നതിന് അനുവാദം കൊടുക്കുന്ന സമിതികളായി മാറിയിരി ക്കുകയാണെന്നും വയൽ നികത്തിയാൽ ഉടമസ്ഥനു മാത്രമല്ല പഞ്ചായത്ത്, വില്ലേജ് അധികാരികൾ എന്നിവർക്കെതിരെയും നിയമ നടപടി സ്വീകരിക്കേണ്ടതാണെന്നും

കൃഷി-റവന്യൂ ഉദ്യോഗസ്ഥർ വാർഡ് തലത്തിൽ സിറ്റിംഗ് നടത്തി നികത്തിയ വയലുകൾ കണ്ടുപിടിക്കണമെന്നും, നെൽകൃഷിയെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും, തോടുകളും ജലനിർഗ്ഗമന ചാലുകളും സംരക്ഷിക്കപ്പെടണമെന്നും, കുളങ്ങൾ, പുഴകൾ എന്നീ ജലസ്രോതസ്സുകളിൽ നിന്നും മണൽക്കൊള്ള നടത്തുന്നതു അവസാനിപ്പിക്കണമെന്നും നെൽവയലുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട പരാതികളിൽ കൃഷി-റവന്യൂ അധികാരികൾ നടപടി സ്വീകരിക്കുന്നില്ലെന്നും നഷ്ടത്തിൽ കൃഷി ചെയ്യേണ്ടി വരുന്നതിനാലാണ് കർഷകർ ഇതര വിളകളിലേക്കും നിലം തരിശിടുന്നതിലേക്കും തിരിയുന്നതെന്നും അതിനാൽ നെൽകൃഷിക്ക് ആവശ്യമായ സംരക്ഷണം നൽകാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാവണമെന്നും അഭ്യർത്ഥിച്ചുള്ള അപേക്ഷകൾ കർഷകർ, പാടശേഖര പ്രവർത്തകർ എന്നിവരിൽ നിന്നും ലഭിച്ചു.

13. വർഷങ്ങൾക്ക് മുമ്പ് നെൽവയൽ പരിവർത്തനപ്പെടുത്തി വീടുകൾ വച്ച ഭൂമി ഇപ്പോഴും രേഖയിൽ നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും യാതൊരു സർവ്വേയും നടത്താതെയാണ് ഡേറ്റാബാങ്ക് തയ്യാറാക്കിയിട്ടുള്ളത് എന്നും സമിതി തെളിവെടുപ്പ് യോഗത്തിൽ ഹാജരായവർ സമിതി മുമ്പാകെ പരാതി ബോധിപ്പിച്ചു. കൂടാതെ നെൽകൃഷി സംരക്ഷിക്കുന്നതിനു കൂടുതൽ സബ്സിഡി നൽകുകയാണ് ഒരു മാർഗ്ഗമെന്നും സമിതിയുടെ തെളിവെടുപ്പു വേളയിൽ നിർദ്ദേശമായി കർഷക പ്രതിനിധികൾ പറഞ്ഞു. നെൽകൃഷി ലാഭകരമായാൽ മാത്രമേ അവശേഷിക്കുന്ന നിലങ്ങളെ സംരക്ഷിക്കാൻ കഴിയുകയുള്ളൂ എന്നും അവർ അഭിപ്രായപ്പെട്ടു.

14. പാലക്കാട് ജില്ലയിൽ ഡേറ്റാബാങ്ക് പ്രസിദ്ധീകരിക്കാത്തതിനാൽ കേരള ഭൂവിനിയോഗ നിയമം പ്രകാരമാണ് നടപടി സ്വീകരിച്ചു വരുന്നതെന്നും, അനധികൃതമായി നെൽവയലുകൾ നികത്തുന്നതിനെതിരെ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിൻമേലും കൃഷി ഓഫീസർമാരിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലും അന്വേഷണം നടത്തി നടപടി സ്വീകരിക്കാറുണ്ടെന്നും ഡേറ്റാബാങ്ക് പ്രസിദ്ധീകരിക്കാത്തതിനാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാനോ വാഹനങ്ങൾ കണ്ടുകെട്ടുവാനോ കഴിയുന്നില്ലെന്നും കളക്ടർ സമിതി മുമ്പാകെ വ്യക്തമാക്കി. കൃഷിഭൂമി നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കൃഷി ഓഫീസർമാർ ആർ.ഡി.ഒ.യെ അറിയിക്കാറുണ്ടെങ്കിലും ആർ.ഡി.ഒ. എടുക്കുന്ന തുടർ നടപടി സംബന്ധിച്ച് അറിയാനുള്ള സംവിധാനം നിലവിലില്ലെന്ന് കൃഷി വകുപ്പുദ്യോഗസ്ഥർ വ്യക്തമാക്കി.

15. പ്രാദേശിക വികസന സമിതികൾ കൃത്യമായി യോഗം ചേർന്ന് പ്രവർത്തനം ഫലപ്രദമാക്കണമെന്നും കൃഷി ഓഫീസർമാർ പീരിയോഡിക്കൽ മീറ്റിംഗിൽ പ്രവർത്തനം വിലയിരുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

16. സമിതി യോഗത്തിൽ നെൽകൃഷി സംബന്ധിച്ച് ഏതാനും ചില നിർദ്ദേശങ്ങൾ കൂടി സബ് കളക്ടർ അവതരിപ്പിച്ചു. ഒരു വർഷം മുഴുവനും നെൽകൃഷി ചെയ്യാൻ കഴിയുകയില്ലെന്നും പാരിസ്ഥിതികമായി മാറ്റം വരാത്ത രൂപത്തിൽ ഇടവിള കൃഷി ചെയ്യാമെന്നും വാഴകൃഷി ചെയ്തിട്ടാണ് പരിവർത്തനം നടത്തി വരുന്നത് എന്നുളളതുകൊണ്ട് ഇടവിളയായി വാഴകൃഷി ഒഴിവാക്കണമെന്നും, കൃഷി ഭൂമി

തരിശിടുമ്പോൾ പരിവർത്തനം ചെയ്യാതിരിക്കാനും എന്നാൽ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനായി കർഷകർക്ക് ഇൻസന്റീവ് നൽകുന്ന കാര്യം പരിഗണിക്കണമെന്നും ജനസമ്പർക്ക പരിപാടി, സുതാര്യകേരളം എന്നിവ വഴി കിട്ടുന്ന പരാതികൾ ഒരുമിച്ച് പരിശോധിക്കാനായി ഒരു റവന്യൂ പട്രോൾ ടീം ഏർപ്പെടുത്തണമെന്നും കോടതിയിൽ തെളിവ് നൽകുന്നതിന് ഡിജിറ്റൽ ക്യാമറ സംവിധാനം ഏർപ്പെടുത്തണമെന്നുമുള്ള നിർദ്ദേശങ്ങൾ സമിതി മുമ്പാകെ വ്യക്തമാക്കി.

17. കാസർഗോഡ്, പാലക്കാട് ജില്ലകളിൽ ചേർന്ന സന്ദർശന യോഗങ്ങളിൽ ആക്ടിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട പരാതികളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ചും 14-2-2012-ന് തിരുവനന്തപുരത്ത് ചേർന്ന തെളിവെടുപ്പ് യോഗത്തിൽ ഉദ്യോഗസ്ഥ പ്രതിനിധികളുമായി ചർച്ച നടത്തിയതിന്റെയും കൂടുതൽ വിവരങ്ങൾ ആരായുന്നതിനുമായി സമിതി 13-3-2012 തിരുവനന്തപുരത്ത് യോഗം ചേരുകയും, കൃഷി, തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരുമായി വിശദമായ ചർച്ച നടത്തുകയുമുണ്ടായി.

18. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി പ്രാഥമികമായി ചെയ്യേണ്ട നടപടി കൃഷിയോഗ്യമായ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സർവ്വേ നമ്പരും വിസ്തൃതിയും ഉൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ ഡേറ്റാബാങ്ക് തയ്യാറാക്കുക എന്നതാണ്. ചട്ടങ്ങൾ വന്നു മൂന്നു മാസത്തിനകം തയ്യാറാക്കേണ്ട ഡേറ്റാബാങ്ക് ചട്ടങ്ങൾ വന്ന് ഏകദേശം നാലുവർഷമായിട്ടും തയ്യാറാക്കിയിട്ടില്ല എന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. പ്രസ്തുത ഡേറ്റാബാങ്ക് തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനം ആവശ്യമാണെന്ന് സമിതി വിലയിരുത്തി. നെൽവയൽ-തണ്ണീർത്തട സംരക്ഷണത്തിനു നിയമം ഉണ്ടായിട്ടും പ്രാവർത്തികമാക്കാത്തതിന്റെ കാരണം അത് നടപ്പാക്കാനുള്ള ഉദ്യോഗസ്ഥരുടെ ഇച്ഛാശക്തി ഇല്ലായ്മയാണ് എന്ന വസ്തുത സമിതിക്ക് ബോദ്ധ്യപ്പെട്ടു.

19. 12-4-2012-ലെ യോഗത്തിൽ പ്രാദേശിക സമിതികൾ രൂപീകരിക്കാൻ ബാക്കിയുണ്ടായിരുന്ന 6 കൃഷി ഭവനുകളിലും സമിതി രൂപീകരിച്ചതായും ഒരാഴ്ചയ്ക്കകം ഡേറ്റാബാങ്ക് തയ്യാറാക്കുന്ന ജോലി പൂർത്തീകരിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദമാക്കി.

20. നെൽവയൽ രൂപാന്തരപ്പെടുത്തുകയോ പരിവർത്തനപ്പെടുത്തുകയോ ആയി ബന്ധപ്പെട്ടുള്ള ഏതൊരു പ്രവൃത്തിയും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് തടയാമെങ്കിലും കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുന്ന പക്ഷം ഡേറ്റാബാങ്കിന്റെ അഭാവം ഒരു വീഴ്ചയായി വരുമെന്നും ആയതിനാൽ ഡേറ്റാബാങ്കിന്റെ പ്രസിദ്ധീകരണം ത്വരിതപ്പെടുത്തേണ്ടത് ആവശ്യമാണെന്നും സമിതി കണ്ടെത്തി. മാത്രമല്ല നിലവിലുള്ള ഭൂസ്ഥിതി വിശദമായി പരിശോധിക്കാതെയും യാതൊരു സർവ്വേയും നടത്താതെയും പഴയ രേഖകളുടെ അടിസ്ഥാനത്തിലുമാണ് ഡേറ്റാബാങ്ക് തയ്യാറാക്കിയതെന്ന ആക്ഷേപം നിലനിൽക്കുന്നുണ്ടെന്ന സമിതിയുടെ അഭിപ്രായത്തോട് റവന്യൂ വകുപ്പ് സെക്രട്ടറി യോജിച്ചു.

21. ആക്ടിലെ 8-ാം വകുപ്പു പ്രകാരം രൂപീകരിക്കേണ്ട സംസ്ഥാനതല സമിതിയുടെ രൂപീകരണം എസ്.ആർ.ഒ. ആയി പുറപ്പെടുവിച്ചിട്ടില്ല എന്നതും സമിതി മനസ്സിലാക്കി. ആക്ടിന്റെ ലംഘനം നടത്തുന്നത് കൃഷി ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നുണ്ടെങ്കിലും അത് സംബന്ധിച്ച് തുടർനടപടി കൈക്കൊള്ളുന്നില്ല എന്ന വസ്തുതയും സമിതിക്ക് ബോധ്യപ്പെട്ടു.

22. ജൈവകൃഷി മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള കാസർഗോഡ് ജില്ലയിൽ പോലും ജൈവവളം സുലഭമായി ലഭ്യമാക്കാനുള്ള നടപടി കൃഷി വകുപ്പിൽ നിന്നും ഇതുവരെ ഉണ്ടായിട്ടില്ല എന്നതും സമിതി മനസ്സിലാക്കി. ജൈവവളത്തിനും ജൈവ കീടനാശിനിക്കും സബ്സിഡി നൽകുന്നതുവഴി ജൈവകൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി യോഗത്തിൽ അഭിപ്രായപ്പെട്ടു.

## സമിതിയുടെ ശുപാർശകൾ

മേൽ സൂചിപ്പിച്ച തെളിവെടുപ്പു യോഗങ്ങളിലും ചർച്ചകളിലും ഉരുത്തിരിഞ്ഞു വന്ന സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു:

23. ആക്റ്റിലെ 5(4) (i) പ്രകാരം ഡേറ്റാബാങ്ക് തയ്യാറാക്കുമ്പോൾ ഓരോ പ്രാദേശിക സമിതിക്കും അധികാരിതയുള്ള പ്രദേശത്തെ കൃഷിയോഗ്യമായ നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും വിശദവിവരം ഉപഗ്രഹ ചിത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂവിനിയോഗ ബോർഡോ കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളോ തയ്യാറാക്കിയിട്ടുള്ളതോ തയ്യാറാക്കുന്നതോ ആയ ഭൂപട ങ്ങളുടെ സഹായത്തോടെയാവണം എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ സമിതിയുടെ തെളിവെടുപ്പു യോഗങ്ങളിൽ ഉയർന്ന പ്രധാന പരാതി നേരത്തെയുള്ള രേഖകളുടെ അടിസ്ഥാനത്തിൽ സ്ഥലനിർണ്ണയം നേരിട്ടു നടത്താതെയാണ് ഡേറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുള്ളത് എന്നാണ്. ഇത് ആക്ടിലെ 5(4) (i) വകുപ്പിനും ചട്ടങ്ങളിലെ 4(ബി) (എ) ഖണ്ഡത്തിനും എതിരാണെന്ന് സമിതി കണ്ടെത്തി. മാത്രമല്ല നേരത്തെ തന്നെ നെൽകൃഷി മതിയാക്കി ഇതരവിളകളിലേക്ക് തിരിഞ്ഞ കർഷകരുടെ ഭൂമിയും ഇത്തരത്തിൽ നെൽവയൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് കർഷക പ്രതിനിധികളുടെ ഇടയിൽ നിന്നും പരാതി ഉയർന്നിരുന്നു.

24. ബഹുമാനപ്പെട്ട ഹൈക്കോടതി ഈ വിഷയത്തിൻമേൽ ആക്ട് നിലവിൽ വരുന്നതിന് മുൻപ് പരിവർത്തനപ്പെടുത്തിയ നെൽവയൽ പൂർവ്വസ്ഥിതിയിലാക്കേണ്ട തില്ലായെന്നും അത് പ്രസ്തുത ആക്ടിന് വിരുദ്ധമായി കണക്കാക്കാൻ പറ്റില്ലായെന്നും അഭിപ്രായപ്പെട്ടു. കൂടാതെ ആക്ട് നിലവിൽ വന്നതിനുശേഷം മാത്രമേ ആക്ടിലെ വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതുള്ളൂവെന്നും അഭിപ്രായപ്പെട്ടിരുന്നു. സമിതിയുടെ തെളിവെടുപ്പ് വേളയിൽ 20 മുതൽ 30 വർഷങ്ങൾക്കുമുമ്പ് വീടുവച്ച പുരയിടങ്ങളും ഇത്തരത്തിൽ നെൽവയൽ എന്ന് രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ചട്ടങ്ങൾ നിലവിൽ വന്ന് 3 വർഷങ്ങൾക്കുശേഷവും ഡേറ്റാബാങ്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. നിയമസഭ ഐകകണ്ഠേന പാസ്സാക്കി നിയമമായി വന്നതിനുശേഷം 4 വർഷമായിട്ടും നിർവ്വഹണത്തിന്റെ പ്രാരംഭ നടപടിയായ ഡേറ്റാബാങ്കിന്റെ പ്രസിദ്ധീകരണം

ഇതുവരെയും നടപ്പാക്കാത്തത് ബന്ധപ്പെട്ട വകുപ്പുകളായ കൃഷി, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ അനാസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു. ചട്ടത്തിലെ 4-ാം ഖണ്ഡമനുസരിച്ച് ഓരോ പ്രാദേശിക സമിതിക്കും അധികാരിതയുള്ള പ്രദേശത്ത് ഉൾപ്പെട്ടുവരുന്ന നിലവിലുള്ള കൃഷിയോഗ്യമായ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സർവ്വേ നമ്പരും വിസ്തൃതിയും ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ അടങ്ങിയ ഡേറ്റാബാങ്ക് ചട്ടം പുറപ്പെടുവിച്ച തീയതി (24-12-2008) മുതൽ മൂന്ന് മാസത്തിനകം തയ്യാറാക്കേണ്ടതും അത് ഒരു വിജ്ഞാപനമായി കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കാണ്. ഇതു കൂടാതെ ചട്ടം 4(2)(ബി) പ്രകാരം ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/വില്ലേജ് ഓഫീസിലും/ഓഫീസുകളിലും ഡേറ്റാബാങ്ക് പ്രദർശിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

25. ഡേറ്റാബാങ്ക് തയ്യാറാക്കുമ്പോൾ ചട്ടം 4 (ബി) (എ) പ്രകാരം ഉപഗ്രഹചിത്രങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഭൂപടത്തിന്റെ സഹായത്തോടെ പരിശോധിച്ച് അന്തിമരൂപം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ആയതിനാൽ ഡേറ്റാബാങ്ക് കുറ്റമറ്റരീതിയിൽ തയ്യാറാക്കാൻ വേണ്ട നടപടി സ്വീകരിച്ച് ആക്ടിലെ 5(4) (i) വകുപ്പു പ്രകാരവും ചട്ടങ്ങളിലെ 4-ാം ഖണ്ഡികപ്രകാരവും അടുത്ത മൂന്നു മാസത്തിനുള്ളിൽ വ്യക്തവും ആധികാരികവുമായ ഡേറ്റാബാങ്ക് പ്രസിദ്ധീകരിക്കാൻ സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ആക്ടിനു വിരുദ്ധമായ ഏതു കേസിൻമേലുമുള്ള ആധികാരിക രേഖ ഡേറ്റാബാങ്ക് ആവുന്നതുകൊണ്ട് നടപടികൾ ത്വരിതപ്പെടുത്തണമെന്നും ഡേറ്റാബാങ്കിന്റെ പ്രസിദ്ധീകരണം വൈകുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

26. തങ്ങളുടെ അധികാരിതയ്ക്കുള്ളിൽപ്പെട്ട പ്രദേശത്തെ നെൽവയലിനെ സംബന്ധിച്ച് റിപ്പോർട്ടിംഗ് ആഫീസർമാർ കൃഷി ആഫീസർമാരാണ് എന്ന് ആക്ടിലെ 7-ാം വകുപ്പ് അനുശാസിക്കുന്നു. അപ്രകാരം റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്നതു സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്ന മറുപടിയാണ് കൃഷി വകുപ്പ് ലഭ്യമാക്കിയതെങ്കിലും ഓരോ ജില്ലയിലും എത്ര കേസുകൾ വീതമാണ് എന്ന് വ്യക്തമായ മറുപടി ലഭ്യമാക്കാൻ സാധിച്ചില്ല. ആക്ടിനു വിരുദ്ധമായി നടക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച് റിപ്പോർട്ടു ചെയ്തുകഴിഞ്ഞാൽ അവരുടെ ജോലി അവസാനിക്കുന്നില്ല എന്നും എത്രയെണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നതു സംബന്ധിച്ച വിവരങ്ങൾ ഉന്നത അധികാരികൾക്ക് കൈമാറണമെന്നും റിപ്പോർട്ടു ചെയ്യപ്പെട്ട കേസുകളിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ തുടർനടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഈ വിഷയത്തിൽ കൃഷി-റവന്യൂ വകുപ്പധികാരികൾക്ക് കൂട്ടുത്തരവാദിത്തമാണുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ആക്ടിന്റെ ലംഘനം സംബന്ധിച്ച് കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ അതു സംബന്ധിച്ച് കൃഷി ഓഫീസർമാർ രജിസ്റ്ററുകൾ സൂക്ഷിക്കാനുള്ള നിർദ്ദേശം കൂടി ഉൾപ്പെടുത്തി ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

2011/2012.

27. മാത്രമല്ല, ജില്ലാ തലത്തിൽ എല്ലാ മാസവും അതാതു മാസത്തെ റിപ്പോർട്ട് ജില്ലാതല ഉദ്യോഗസ്ഥന് കൈമാറണമെന്നും റവന്യൂ വകുപ്പ് അധികാരികൾക്ക് റിപ്പോർട്ടു ചെയ്യപ്പെട്ട കേസുകളിൻമേൽ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായുള്ള സംവിധാനം കൂടി ചട്ടങ്ങളിൽ ഉൾക്കൊള്ളിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. റിപ്പോർട്ടു ചെയ്യപ്പെട്ട കേസുകളിൽ തുടർനടപടി സ്വീകരിച്ചു കഴിഞ്ഞു മറുപടി ലഭ്യമാക്കിയാൽ മാത്രമേ ഫയൽ നടപടികൾ അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ എന്ന വിധത്തിൽ ചട്ടങ്ങൾ കുറ്റമറ്റതാക്കേണ്ട താണ് എന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. ആക്ടിലെ 8-ാം വകുപ്പു പ്രകാരം പൊതു ആവശ്യങ്ങൾക്കായി നെൽവയൽ നികത്തുന്നതിന് പ്രാദേശിക നിരീക്ഷണ സമിതി ശുപാർശ ചെയ്തിട്ടുള്ള അപേക്ഷകൾ വിശദപരിശോധന നടത്തി സർക്കാരിന് റിപ്പോർട്ടു സമർപ്പിക്കേണ്ടത് സംസ്ഥാനതലസമിതിയാണ്. എന്നാൽ സംസ്ഥാനതല സമിതിയുടെ രൂപീകരണം സംബന്ധിച്ച ഉത്തരവ് എസ്. ആർ. ഒ. ആയി പുറപ്പെടുവിച്ചിട്ടില്ല എന്നു സമിതി മനസ്സിലാക്കുന്നു. 2009 സെപ്റ്റംബർ 17-ാം തീയതി സ.ഉ.(എംഎസ്.) നമ്പർ 166/09/കൃഷി നമ്പർ ഉത്തരവായി ഇറക്കിയ സംസ്ഥാനതല സമിതിയുടെ രൂപീകരണം സംബന്ധിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയത് 2010 ജനുവരി 5-ാം തീയതിയാണ്. സംസ്ഥാനതല സമിതിയുടെ രൂപീകരണം സംബന്ധിച്ച് എസ്. ആർ. ഒ. പുറപ്പെടുവിക്കാത്തത് നിയമസഭയുടെ മേശപ്പുറത്തു വയ്ക്കുന്നത് ഒഴിവാക്കുന്നതിനാ യുള്ള ബോധഃപൂർവ്വമായ നടപടിയാണ് എന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തര ത്തിൽ ഗവൺമെന്റ് ഉത്തരവുകളും ചട്ടങ്ങളും ബോധഃപൂർവ്വം നിയമസഭയുടെ മേശപ്പുറത്തു വയ്ക്കാതിരിക്കാനുള്ള സർക്കാരിന്റെ നടപടി സമിതി അത്യന്തം ഗൗരവ ത്തോടെയാണ് വീക്ഷിക്കുന്നത്. ഒരു നിയമത്തിന്റെ വകുപ്പനുസരിച്ച് ചട്ടങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കുമ്പോൾ അത് എസ്.ആർ.ഒ. ആയിതന്നെ പുറപ്പെടു വിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

29. 2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ നിയമസഭ 2011 ജൂലൈ 27-ാം തീയതി പാസ്സാക്കിയതിനുശേഷം ചട്ടങ്ങളിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരെ സംബന്ധിച്ച ഭേദഗതി ചട്ടങ്ങളായി പുറപ്പെടുവി ച്ചിട്ടില്ല എന്നതും സമിതി നിരീക്ഷിക്കുന്നു. ആക്ടിലെ 12-ാം വകുപ്പു പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി പുറപ്പെടുവിച്ചിട്ടുള്ള 351/2009 നമ്പർ എസ്.ആർ.ഒ. തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. റവന്യൂ ഡിവിഷണൽ ഓഫീസർക്കുപകരം വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ ഉദ്യോഗസ്ഥർക്കു അധികാരം കൈമാറ്റം ചെയ്യപ്പെടാനുള്ള വ്യവസ്ഥ നിയമമായി കൊണ്ടുവന്നിട്ടും അതിനനുസരിച്ചുള്ള വികേന്ദ്രീകരണം താഴെത്തട്ടിലേക്ക് കൈമാറ്റം ചെയ്യപ്പെടാത്തത് റവന്യൂ വകുപ്പിന്റെ കടുത്ത അനാസ്ഥ യാണെന്ന് സമിതി വിലയിരുത്തുന്നു. നിയമത്തിലെ ഭേദഗതി നിയമസഭ പാസ്സാക്കി ഒരു വർഷമായിട്ടും നടപ്പാക്കാത്തതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുന്നു. അധികാരം താഴെത്തട്ടിലേക്ക് വികേന്ദ്രീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്ന ഈ നടപടി അത്യന്തം അപലപനീയമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ

ഉദ്യോഗസ്ഥർക്ക് അധികാരം കൈമാറ്റം ചെയ്യപ്പെടാനുള്ള വ്യവസ്ഥ പ്രകാരം പുതിയതായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരെയും അവർക്ക് അധികാരപരിധി നിശ്ചയിച്ചുകൊണ്ടുമുള്ള ഉത്തരവ് എത്രയും വേഗം പുറപ്പെടുവിക്കണമെന്നും അത് എസ്.ആർ.ഒ. ആയിതന്നെ വേണമെന്നും സമിതി ആവശ്യപ്പെടുന്നു.

30. പ്രാദേശികതല നിരീക്ഷണ സമിതിയുടെ ഉത്തരവാദിത്തം ഡേറ്റാബാങ്ക് തയ്യാറാക്കുന്നതിലും ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി പൊതുആവശ്യങ്ങൾക്കോ നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കാൻ അനുമതി നൽകുന്നതിന് ശുപാർശ ചെയ്യുന്നതിനോ ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിലും മാത്രം ഒതുങ്ങുന്നില്ല. നെൽവയൽ തരിശിട്ടിരിക്കുന്നതിന്റെ കാരണം സംബന്ധിച്ച് അന്വേഷണം നടത്തുകയും നെൽവയലിന്റെ അനുഭവക്കാരന് നെല്ലോ ഏതെങ്കിലും ഇടക്കാല വിളയോ കൃഷി ചെയ്യുന്നതിന് പ്രേരണ നൽകേണ്ട നടപടികൾ കൂടി പ്രാദേശികതല നിരീക്ഷണ സമിതിയുടെ ചുമതലകളിൽപ്പെടുന്നു. എന്നാൽ ഇത്തരത്തിലുള്ള യാതൊരു നടപടിയും പ്രാദേശികതല നിരീക്ഷണ സമിതി കൈക്കൊള്ളുന്നതായി സമിതിയുടെ തെളിവെടുപ്പു വേളകളിൽ വ്യക്തമായില്ല. ആയതിനാൽ, നെൽവയൽ തരിശിടുന്നതിന്റെ കാരണം അന്വേഷിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം പ്രാദേശികതല നിരീക്ഷണ സമിതിയുടെ കൺവീനർ എന്ന നിലയ്ക്ക് കൃഷി ആഫീസറിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം ഓരോ പ്രാവശ്യവും സമിതി യോഗം ചേരുമ്പോൾ കാര്യപരിപാടിയിൽ ഈ വിഷയം കൂടി ഉൾപ്പെടുത്തി ചർച്ച ചെയ്യണമെന്നും അതാത് യോഗത്തിന്റെ മിനിട്സ് ആക്ടിലെ 5(6) വകുപ്പുപ്രകാരം കൃഷി ആഫീസർ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ച് ജില്ലാതല പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ എല്ലാ മാസവും പരിശോധിച്ച് ആയതിന്റെ റിപ്പോർട്ട് ഉന്നതാധികാരികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടി ചട്ടങ്ങളിൽ ഉൾപ്പെടുത്തി ഭേദഗതി ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

31. സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും വേണ്ടി നിർമ്മിച്ച നിയമമായിട്ടും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്തത് ഒരു പോരായ്മയാണെന്ന് സമിതി കരുതുന്നു. സമിതിയുടെ തെളിവെടുപ്പു വേളകളിൽ ഉയർന്നുവന്ന പ്രധാന പരാതി നെൽകൃഷി ആദായകരമാക്കുന്നതിനുവേണ്ടിയുള്ള നടപടികളുടെ അഭാവമാണ് കർഷകരെ നെൽകൃഷിയിൽ നിന്നും പിൻതിരിക്കുന്നതിനും മറ്റു നാണ്യവിളകളിലേക്ക് ശ്രദ്ധതിരിയുന്നതിനും കാരണമാകുന്നത് എന്നാണ്. നെൽകൃഷിക്ക് കൂടുതൽ സബ്സിഡിയും ഇതരസഹായങ്ങളും നെല്ലിനു ഉയർന്ന സംഭരണവിലയും നൽകി സർക്കാരിന്റെ ഭാഗത്തുനിന്നും പ്രോത്സാഹനം ഉണ്ടായാൽ മാത്രമേ നിയമം കർഷകന്റെ മേൽ അടിച്ചേൽപ്പിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരികയുള്ളൂ എന്ന് സമിതി കരുതുന്നു. പാരിസ്ഥിതിക സന്തുലനം നിലനിർത്താൻ നെൽവയലു

കളുടേയും തണ്ണീർത്തടങ്ങളുടേയും സാന്നിദ്ധ്യം അവശ്യമാകയാൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നും കൈക്കൊള്ളണമെന്നും ഇതര വിളകൾക്കുള്ളതുപോലെ നെൽകൃഷിക്കും ഉയർന്ന സബ്സിഡി നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

32. ഇക്കഴിഞ്ഞ വർഷങ്ങളിൽ മഴക്കെടുതിയിൽപ്പെട്ട് കൊയ്ത്തുയന്ത്രം യഥാസമയം ലഭിക്കാത്തതിന്റെയും തൊഴിലാളികളുടെ കുറവിന്റെയും കാരണം നെല്ല് നശിക്കാനിടയായ സാഹചര്യം സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ വിഷയം പരിഗണിച്ച് തൊഴിലാളികളുടെ ലഭ്യതക്കുറവുള്ള ഇടങ്ങളിൽ മറ്റ് സംസ്ഥാന ങ്ങളിലെപ്പോലെ യന്ത്രവൽക്കരണം നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കർഷകർക്ക് ആവശ്യമായ ട്രില്ലർ, ട്രാക്ക്റ്റർ, കൊയ്ത്തുയന്ത്രം, മെതിയന്ത്രം എന്നിവ സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിന്റെ ചുമതല അതാത് ജില്ലകളിലെ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസറിൽ നിക്ഷിപ്തമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

33. പരിസ്ഥിതിക്ക് അനുകൂലമായ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കണമെങ്കിൽ ജൈവവളത്തിന്റേയും ജൈവകീടനാശിനിയുടേയും ലഭ്യത ഉറപ്പുവരുത്തേണ്ടതും ജൈവവളം എന്ന പേരിൽ വിപണിയിൽ എത്തിക്കുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ടതുമുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് കാര്യമായ നടപടികളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായതായി സമിതി കാണുന്നില്ല. ആയതിനാൽ, വിപണിയിൽ ലഭിക്കുന്ന ജൈവവള-കീടനാശിനികളുടെ ഗുണനിലവാരം ഉറപ്പു വരുത്താൻ വേണ്ട നടപടികളും അവ യഥേഷ്ടം ലഭ്യമാക്കാനുള്ള നീക്കവും സർക്കാ രിന്റെ ഭാഗത്തുനിന്നും ഉണ്ടാവണമെന്നും ജൈവവളത്തിനും-ജൈവകീടനാശിനിക്കും സബ്സിഡി അനുവദിക്കുന്ന കാര്യം കൂടി അതീവ ഗൗരവത്തോടെ പരിഗണിക്കണ മെന്നും സമിതി ശുപാർശ ചെയ്യുന്നു.

34. ആക്ട് നിലവിൽ വന്നതിനുശേഷവും നെൽവയൽ നികത്തുന്നതിനും തരിശിടുന്നതിനുമുള്ള പ്രവണത നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായാണ് സമിതിക്ക് തെളിവെടുപ്പുവേളകളിൽ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. വയൽ രൂപാന്തരപ്പെടു ത്തുന്നത് തടയാൻ ആക്റ്റിൽ വ്യക്തമായ വ്യവസ്ഥകളുണ്ടെങ്കിലും കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ അനാസ്ഥയാണ് നിയമം നടപ്പാക്കുന്നതി നുള്ള പ്രധാന വിഘാതമെന്ന് സമിതി വിലയിരുത്തുന്നു. ഒരു സാമ്പത്തിക വർഷം തുടക്കത്തിൽ എത്ര ഏക്കർ നെൽവയൽ ഓരോ പഞ്ചായത്തിലും/മുനിസിപ്പാലിറ്റി യിലും ഉണ്ടെന്നും പ്രസ്തുത സാമ്പത്തിക വർഷാവസാനത്തിൽ എത്ര ഏക്കർ അതേ സ്ഥിതിയിൽ തുടരുന്നുവെന്നും കണക്കാക്കുന്നതിനുള്ള ഒരു വ്യവസ്ഥ ഏർപ്പെടുത്തണമെന്നും നെൽവയലിന്റെ വിസ്തൃതിയിൽ കുറവു വന്നാൽ ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/വില്ലേജ് അധികാരികൾ മറുപടി പറയേണ്ടിവരുമെന്നു മുള്ള രീതിയിൽ ഒരു ഓഡിറ്റ് സംവിധാനം നിയമത്തിൽതന്നെ വ്യവസ്ഥ ചെയ്തു കൊണ്ട് ചട്ടങ്ങളിൽ ഭേദഗതി വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

35. ആക്റ്റിനു വിരുദ്ധമായി നിലം നികത്തിക്കഴിഞ്ഞാൽ പൂർവ്വസ്ഥിതിയിലാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയൊന്നും ഉണ്ടാവുന്നില്ല എന്നത് സമിതി മനസ്സിലാക്കുന്നു. ആയതിന്റെ കാരണം ഫണ്ടിന്റെ അഭാവമാണെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് ആക്റ്റിനു വിരുദ്ധമായി നിലം നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട റവന്യൂ അധികൃതർക്ക് അത് പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ട ഫണ്ട് സർക്കാരിന്റെ ഭാഗത്തു നിന്നും ലഭ്യമാക്കണമെന്നും അപ്രകാരം നിലം പൂർവ്വസ്ഥിതിയിലാക്കാൻ ചെലവുവരുന്ന തുക ഉടമസ്ഥനിൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

36. നെൽവയലിന്റെ പാരിസ്ഥിതിക സ്വഭാവം അനുസരിച്ച് നെൽകൃഷിക്കിടയിലുള്ള കാലയളവിൽ പരിവർത്തനാടിസ്ഥാനത്തിൽ ഇടക്കാലവിളയായി പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, വാഴ, മത്സ്യം എന്നിവ കൃഷി ചെയ്യാമെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ വാഴകൃഷി ചെയ്തിട്ടാണ് നെൽവയൽ പരിവർത്തനം നടത്തി വരുന്നതു എന്നത് സമിതിക്ക് തെളിവെടുപ്പുവേളയിൽ ബോധ്യപ്പെട്ടു. ആയതിനാൽ, ഇടക്കാല വിളകളുടെ പട്ടികയിൽ നിന്നും വാഴകൃഷി ഒഴിവാക്കി ആക്ട് ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

37. ആക്ടിലെ 16-ാം വകുപ്പുപ്രകാരം തരിശിടുന്ന നിലം ഏറ്റെടുത്ത് കൃഷി ചെയ്യിക്കാൻ പഞ്ചായത്തുകൾക്ക് അവസരമുണ്ട്. അതനുസരിച്ച് നിലം തരിശിടുന്നത് കൃഷി ആഫീസർമാർ റിപ്പോർട്ടു ചെയ്തു കഴിഞ്ഞാൽ അത് കൃഷി ചെയ്യിപ്പിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് ചെയ്യണമെന്നും അപ്പോൾ മാത്രമേ ആക്ടിന്റെ ഉദ്ദേശം നടപ്പാവുകയുള്ളൂ എന്നും സമിതി അഭിപ്രായപ്പെടുന്നു. ഗ്രൂപ്പ് ഫാമിംഗ് ശക്തിപ്പെടുത്തുകയും തരിശിട്ടിരിക്കുന്ന നെൽവയലുകൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യിക്കാനുള്ള സംവിധാനം പഞ്ചായത്ത് മുഖേന സർക്കാർ നടപ്പാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

38. സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കനുസരിച്ച് ഓരോ വർഷവും 10000 ഹെക്ടറിലധികം നെൽകൃഷിയാണ് നഷ്ടമാകുന്നത്. ഇത്തരത്തിൽ നെൽകൃഷി വിട്ടുപോകുന്ന കർഷകരുടെ എണ്ണം നാൾക്കുനാൾ പെരുകുന്നതായി സമിതി കണ്ടെത്തി. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും നെൽകൃഷി നിലനിർത്തേണ്ടത് കേരളത്തിന്റെ പൊതുവായ ആവശ്യമാണ്. ആയതിനാൽ, നെൽകൃഷിയിലേക്ക് കർഷകരെ മടക്കിക്കൊണ്ടുവരുന്നതിനാകർഷകമായ നെൽകൃഷി പാക്കേജുകൾ തയ്യാറാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

39. RKVY, RIDF തുടങ്ങിയ കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

40. നിലവിലെ കൃഷിഭൂമി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കർശനമായ നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകണമെന്നും ഒപ്പം നെൽകൃഷിയുടെ പ്രോത്സാഹനത്തിനാവശ്യമായ ക്രിയാത്മകമായ മാർഗ്ഗങ്ങൾ അവലംബിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. 2008-ലെ നെൽവയൽ തണ്ണീർത്തട

സംരക്ഷണ ആക്റ്റിനു വിരുദ്ധമായ നടപടികൾക്കെതിരെ ശക്തമായ നടപടികൾ കൈക്കൊണ്ട് നമ്മുടെ ശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

41. പരിസ്ഥിതി-വനം മന്ത്രാലയവും ബഹിരാകാശ ഗവേഷണ കേന്ദ്രത്തിന്റെ സ്പേസ് ആപ്ലിക്കേഷൻ സെന്ററും സംയുക്തമായി നടപ്പാക്കുന്ന നാഷണൽ വെറ്റ്ലാന്റ് ഇൻവെന്ററി ആന്റ് അസസ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി നടത്തിയ നീർത്തടനിയമ പ്രകാരം കേരളത്തിലെ 160590 ഹെക്ടർ പ്രദേശം നീർത്തടങ്ങളാണ്. ഇവയിൽ പ്രധാനപ്പെട്ടവ കായലുകൾ, റിസർവോയറുകൾ ചതുപ്പുകൾ, നദികൾ, അരുവികൾ എന്നിവയാണ്. കേന്ദ്രത്തിൽ തണ്ണീർത്തടങ്ങൾക്കുവേണ്ടി പ്രത്യേകം നിയമം കൊണ്ടുവരുമ്പോൾ കേരളത്തിൽ 200 ഏക്കറിൽ താഴെയുള്ള തണ്ണീർത്തടങ്ങൾ ഒഴിവാക്കാനുള്ള സാദ്ധ്യത ഏറെയാണ്. കേരളത്തിൽ 50 ഏക്കറിൽ താഴെയുള്ള തണ്ണീർത്തടങ്ങൾ പോലും ആയിരത്തിലധികമുണ്ട്. തണ്ണീർത്തടങ്ങൾ ജൈവപരമായി അതീവ പ്രാധാന്യമുള്ള ആവാസവ്യവസ്ഥകളായതിനാൽ അവ നൽകുന്ന സേവനങ്ങൾ ജീവന്റെ നിലനിൽപ്പിന് അനിവാര്യമാണ്. വികസനത്തെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാടുകൾ ജൈവപരമായി അതീവ പ്രാധാന്യമുള്ള നീർത്തടങ്ങൾക്ക് ഭീഷണിയാകുന്നു. ജൈവസമ്പത്തിന്റെ കലവറയായ നീർത്തടങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി നിലവിലുള്ള നീർത്തടങ്ങളുടെ വിസ്തൃതിയും സർവ്വേ നമ്പരും ഉൾപ്പെടുന്ന ഡേറ്റാബാങ്ക് പ്രത്യേകമായി വിജ്ഞാപനം ചെയ്യണമെന്നും അതിനുള്ള നടപടികൾ മൂന്നുമാസത്തിനകം പൂർത്തിയാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഇത്തരം നീർത്തടങ്ങൾ സംരക്ഷിച്ച് വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തി Wetland Tourism Authority രൂപീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

42. പരിസ്ഥിതിധർമ്മം നിലനിർത്തിക്കൊണ്ടുതന്നെ കൃഷിയിറക്കാവുന്ന ഒരു ഉഭയവിളയാണ് നെല്ല് എന്നതിനാൽ നെൽകൃഷി എന്തുവിലകൊടുത്തും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. കുടിവെള്ളം മനുഷ്യന്റെ ജൻമാവകാശമാണെന്ന പരമമായ സത്യം മനസ്സിലാക്കി തണ്ണീർത്തടങ്ങൾ സംരക്ഷിക്കേണ്ടതും നമ്മുടെ ഉത്തരവാദിത്തമാണ്. ഭാവിതലമുറയ്ക്ക് കൈമാറേണ്ട അമൂല്യ സ്വത്ത് എന്ന നിലയ്ക്ക് നെൽവയൽ-തണ്ണീർത്തടങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് പരമപ്രധാനമായി നാം ഓരോരുത്തരും കരുതണം.

**എം. ഉമ്മർ,**
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ 23.

## അനുബന്ധം I

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിൻകീഴിൽ പുറപ്പെടുവിച്ച എസ്. ആർ. ഒ.കൾ സംബന്ധിച്ച് കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി വിവിധ ജില്ലകളിൽ ചേർന്ന തെളിവെടുപ്പ് യോഗങ്ങളിലും സന്ദർശനങ്ങളിലും പങ്കെടുത്ത് തെളിവ് നൽകിയ ഉദ്യോഗസ്ഥരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും നൽകിയ പൊതുജനങ്ങളുടെയും സംഘടനകളുടെയും പേരുവിവരം:

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി നിവേദിത പി. ഹരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.
2. ശ്രീ. ജെയിംസ് വർഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
3. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, കൃഷി വകുപ്പ്.
4. ശ്രീമതി എസ്. സുഷമ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.
5. ശ്രീമതി എസ്. കെ. രാജലക്ഷ്മി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
6. ശ്രീ. ആർ. അജിത് കുമാർ, ഡയറക്ടർ, കൃഷി വകുപ്പ്.
7. ശ്രീ. വി. വി. പുഷ്പാംഗദൻ, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്.
8. ശ്രീ. ബി. ജെ. ജയകുമാർ, അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രികൾച്ചർ.
9. ശ്രീമതി എം. അഞ്ജന, അസിസ്റ്റന്റ് കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.
10. ശ്രീ. പി. എം. മുഹമ്മദ് അലി, ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
11. ശ്രീ. വി. എൻ. ജിതേന്ദ്രൻ, ജില്ലാ കളക്ടർ, കാസർഗോഡ്.
12. ശ്രീ. കെ. വി. മോഹൻ കുമാർ, ജില്ലാ കളക്ടർ, പാലക്കാട്.
13. ശ്രീ. കെ. വി. വാസുദേവൻ. എ.ഡി.എം., പാലക്കാട്.
14. ഡോ. എ. കൗശികൻ, സബ് കളക്ടർ, ഒറ്റപ്പാലം.
15. ശ്രീ. എം. കെ. കലാധരൻ, ആർ.ഡി.ഒ., പാലക്കാട്.
16. ശ്രീമതി സി. എം. ബീന, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, പാലക്കാട്.

17. ശ്രീമതി ജോളി ചാക്കോ, പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ആഫീസർ, പാലക്കാട്.
18. ശ്രീ. എം. എസ്. നാരായണൻ നമ്പൂതിരി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, കാസർഗോഡ്.
19. ശ്രീ. എസ്. ശിവപ്രസാദ്, പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, കാസർഗോഡ്.
20. ശ്രീ. പി. രാഘവൻ, അഡീഷണൽ തഹസിൽദാർ, ഹോസ്ദുർഗ്ഗ്.
21. ശ്രീ. കെ. പി. സുനിൽ കുമാർ, സെക്രട്ടറി, ബെല്ലൂർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്.
22. ശ്രീമതി എം. ഇന്ദിര, എസ്.എസ്.ആർ.ഡി.ഒ. ഓഫീസ്, കാസർഗോഡ്.
23. ശ്രീമതി ഷീബാ സ്റ്റീഫൻ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കൊല്ലം.
24. ശ്രീ. എം. ജയകുമാർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ.
25. ശ്രീ. പി. രാമചന്ദ്രൻ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം.

പരാതികൾ സമർപ്പിച്ചവർ :

1. സെക്രട്ടറി, ജനജാഗ്രത, പാലക്കാട്
2. ദേശീയ കർഷകസമാജം, പാലക്കാട്
3. പതിക്കാട്ടുചള്ള പാടശേഖര നെല്ലുല്പാദന സമിതി, നന്ദിയോട്
4. പറക്കാട്ടുചള്ള പാടശേഖര നെല്ലുല്പാദന സമിതി, പട്ടഞ്ചേരി കൃഷിഭവൻ
5. കർഷക സംരക്ഷണ സമിതി, പട്ടഞ്ചേരി
6. ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ, മണ്ണാർക്കാട്
7. ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ, താലൂക്ക് കമ്മിറ്റി, മണ്ണാർക്കാട്
8. എക്സൈസ് ഗാർഡ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ
9. കേരള പ്രദേശ് കർഷക കോൺഗ്രസ് മണ്ഡലം കമ്മിറ്റി, പെരുങ്ങോട്ടുകുറുശ്ശി, പാലക്കാട്
10. ശ്രീ. എ. എം. അബ്ദുൾ റസാഖ്, സെക്രട്ടറി, നെഞ്ചിരിപ്പാടം പാടശേഖരസമിതി

11. നിലാല പാടശേഖര സമിതി
12. സെക്രട്ടറി, കെ.എസ്.കെ.റ്റി.യു., നല്ലേപ്പിള്ളി വില്ലേജ് കമ്മിറ്റി
13. കേരള പട്ടികജാതി-പട്ടികവർഗ്ഗ സംയുക്ത വേദി സമർപ്പിച്ച പരാതി
14. ശ്രീ. ചന്ദ്രൻ, ഐക്യകർഷകസംഘം, ജില്ലാ പ്രസിഡന്റ്, പാലക്കാട്
15. കുന്നുവയൽ സംരക്ഷണസമിതി, കാഞ്ഞങ്ങാട്
16. ശ്രീ. കെ. എ. രാമകൃഷ്ണൻ, അകത്തേത്തറ, പാലക്കാട്
17. ശ്രീ. ബാബു കെ. തേനമ്പതി, ഒഴലപതി
18. ശ്രീ. പ്രകാശ്, ഒറ്റപ്പാലം, 'ഭരത്', 19-ാം മൈൽ, എസ്.ആർ.കെ. നഗർ, ഒറ്റപ്പാലം
19. ശ്രീ. വി. പരമേശ്വരൻ, അത്തിപ്പൊറ്റ വീട്, പനങ്ങാട്ടിരി (പി.ഒ.), പാലക്കാട്
20. ശ്രീ. അബൂബക്കർ, പി., പള്ളത്ത് ഹൗസ്, ഒപ്പാട്ടുകര, കലുക്കല്ലൂർ
21. ശ്രീ. സി. കെ. സുമേഷ് കുമാർ, ചെമ്മാട് ഹൗസ്, വിയ്യക്കുറുശ്ശി
22. ശ്രീ. ടി. കെ. ഭക്തവത്സലൻ, കുന്നത്തൂർ മേട്, പാലക്കാട്
23. ശ്രീ. പി. സ്വാമിനാഥൻ, തേക്കിൻചിറ വീട്, നെന്മേനി, കൊല്ലങ്കോട്
24. ശ്രീ. ജനാർദ്ദനൻ, പി. കെ., പുത്തൻതൊടി വീട്, ആനിക്കോട്, ആലത്തൂർ, പാലക്കാട്
25. ശ്രീ. അബ്ദുറഹിമാൻ, പള്ളത്ത് ഹൗസ്, കുലുക്കലൂർ
26. ശ്രീ. സൈജു, ജോയിന്റ് കൺവീനർ, പ്രകൃതി കർഷക സമിതി, കാസർഗോഡ്
27. നിലാങ്കര-പനങ്കാവ് പാടശേഖര നെല്ലുല്പാദക സമിതി, കാസർഗോഡ്.
28. വടക്കേക്കര-പൂത്താനം പാടശേഖരം സമിതി
29. മുസ്ലീം യൂത്ത് ലീഗ്, കാസർഗോഡ്.
30. ജനകീയ നീതിവേദി, മഞ്ചേശ്വരം മണ്ഡലം കമ്മിറ്റി
31. നൂറുൽ ഇസ്ലാം മദ്രസ കമ്മിറ്റി, കാസർഗോഡ്
32. വിൻടച്ച് ബിൽഡേഴ്സ്, കാസർഗോഡ്
33. കാടമന റഹ്മാനിയ മസ്ജിദ് നിർമ്മാണ കമ്മിറ്റി, കാസർഗോഡ്
34. ശ്രീ. സി. നാരായണൻ, കാഞ്ഞങ്ങാട്
35. ശ്രീ. ഫനീഫ, എം. പി., ബല്ലാ കടപ്പുറം

36. ശ്രീ. ഷാനവാസ്, പി. എ., എം.ഡി. നഗർ, തളങ്കര, കാസർഗോഡ്
37. ശ്രീ. കെ. കെ. അബ്ദുൾ ഖാദർ, കൊല്ലംപടി ഹൗസ്, കാസർഗോഡ്
38. ശ്രീ. മുഹമ്മദ് കുഞ്ഞി, മുറിയനാവി, കാഞ്ഞങ്ങാട്
39. ശ്രീമതി റഹമത്ത് പി. ആവിയിൽ, കാഞ്ഞങ്ങാട്
40. ശ്രീ. മാതുകുഞ്ഞി, ഇളുച്ചേരി, താനത്തുവീട്
41. ശ്രീ. ഇബ്രാഹിം എം. താലക്കം, കാസർഗോഡ്
42. ശ്രീ. ജാഫർ സിദ്ധിഖ്, ഫനീഫ മൻസിൽ, കാസർഗോഡ്
43. ശ്രീമതി നബിസ, വിദ്യാനഗർ, കാസർഗോഡ്
44. ശ്രീ. കെ. ടി. ജമാൽ, സലാഫി മൻസിൽ, കാസർഗോഡ്
45. ശ്രീ. എം. ഉമ്മർ, നെയ്ദാർമൂല, വിദ്യാനഗർ, കാസർഗോഡ്.

അനുബന്ധം II

## കേരള സർക്കാർ

റവന്യൂ (പി) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 443/2008/റവന്യൂ. *തിരുവനന്തപുരം, 2008 ഡിസംബർ 24.*

**എസ്. ആർ. ഒ. നമ്പർ 1255/2008.**—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 30-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെപ്പറയുംപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

### ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ എന്ന് പേരു പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപെടാത്ത പക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് (2008-ലെ 28) എന്നർത്ഥമാകുന്നു ;

(ബി) "സെക്രട്ടറി" എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി എന്നർത്ഥമാകുന്നു ;

(സി) "വകുപ്പ്" എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു ;

(ഡി) "ഫാറം" എന്നാൽ ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു ;

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആക്റ്റിൽ യഥാക്രമം, അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. പ്രാദേശികതല നിരീക്ഷണ സമിതിയിലേക്കുള്ള നാമനിർദ്ദേശം.—5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (iv)-ാം ഇനത്തിൻകീഴിൽ സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനുവേണ്ടി, അതത് സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ നെൽക്കൃഷിക്കാരുടെ, ആറ് പേരടങ്ങിയ, ഒരു പാനൽ ബന്ധപ്പെട്ട കൃഷി ഓഫീസർ തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതും, ജില്ലാ കളക്ടർ പ്രസ്തുത പാനലിൽനിന്നും മൂന്നു പേരെ നാമനിർദ്ദേശം ചെയ്ത് സമിതി രൂപീകരിക്കേണ്ടതുമാകുന്നു.

4. <u>ഡേറ്റാബാങ്ക് തയ്യാറാക്കൽ</u>.—(1) ഈ ചട്ടം നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് മാസത്തിനകം, ഓരോ സമിതിക്കും അധികാരിതയുള്ള പ്രദേശത്ത് ഉൾപ്പെട്ടുവരുന്ന നിലവിലുള്ള കൃഷിയോഗ്യമായ നെൽവയലുകളുടേയും തണ്ണീർ തടങ്ങളുടേയും, സർവ്വേ നമ്പരും, വിസ്തൃതിയും ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ അടങ്ങിയ ഡേറ്റാബാങ്ക് സമിതി തയ്യാറാക്കേണ്ടതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം നിലവിലുള്ള കൃഷിയോഗ്യമായ നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും വിശദവിവരങ്ങളടങ്ങിയ ഡേറ്റാബാങ്ക് തയ്യാറാക്കുന്നതിലേക്ക് താഴെപ്പറയുന്ന നടപടിക്രമം പാലിക്കേണ്ടതാണ്, അതായത്:—

(എ) സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ, നിലവിലുള്ള റവന്യൂ റിക്കാർഡുകൾപ്രകാരം കൃഷിയോഗ്യമായ നെൽവയലായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് നൽകേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസർ, ഓരോ സ്ഥലവും പരിശോധിച്ച് പ്രസ്തുത സ്ഥലം ഇപ്പോൾ നെൽക്കൃഷിക്ക് അനുയോജ്യമായ നെൽവയൽ ആണോ എന്ന് പരിശോധിച്ചും തണ്ണീർത്തടങ്ങളെ സംബന്ധിച്ച റവന്യൂ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ സ്ഥല പരിശോധന നടത്തിയും ബോദ്ധ്യപ്പെടേണ്ടതും അപ്രകാരം പരിശോധന നടത്തി ബോദ്ധ്യപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിൽ, കൃഷി ഓഫീസറും വില്ലേജ് ഓഫീസറും കൂടി നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും ഒരു കരട് ഡേറ്റാബാങ്ക് തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

(ബി) (എ) ഖണ്ഡപ്രകാരം ലഭിച്ച കരട് ഡേറ്റാബാങ്ക് സമിതി പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ, യുക്തമായ തിരുത്തലുകൾ വരുത്തേണ്ടതുമാണ്. സമിതിയുടെ അധികാര പരിധിക്കുള്ളിലെ നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും പ്രസ്തുത കരട് ഡേറ്റാബാങ്ക്, നാഷണൽ റിമോർട്ട് സെൻസിംഗ് ഏജൻസിയോ സംസ്ഥാന ഭൂവിനിയോഗ ബോർഡോ, ഭൗമശാസ്ത്രപഠനകേന്ദ്രമോ (CESS) ഇൻഫർമേഷൻ കേരളാ മിഷനോ (IKM) മറ്റേതെങ്കിലും കേന്ദ്ര/സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനമോ, ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഭൂപടത്തിന്റെ സഹായത്തോടെ പരിശോധിച്ച് അന്തിമരൂപം നൽകി സമിതി അംഗീകരിക്കേണ്ടതാണ്:

എന്നാൽ ഈ ഉപചട്ടം പ്രകാരം കരട് ഡേറ്റാബാങ്ക് തയ്യാറാക്കുമ്പോൾ ഉപഗ്രഹ ചിത്രത്തിന്റെ അടിസ്ഥാനത്തിൽ എറ്റവും അവസാനം തയ്യാറാക്കിയ ഡേറ്റാബാങ്ക് ആയിരിക്കണം അവലംബിക്കേണ്ടത്.

(3) (2) (എ) ചട്ടപ്രകാരം ഡേറ്റാബാങ്ക് തയ്യാറാക്കുന്നതിന് സാങ്കേതിക സഹായം ആവശ്യമായി വരുന്നപക്ഷം, അപ്രകാരമുള്ള സഹായം ലഭ്യമാക്കുന്നതിന്, അതത് സംഗതിപോലെ, കൃഷി ഓഫീസർക്കോ വില്ലേജ് ഓഫീസർക്കോ, ജില്ലാ കളക്ടറുടെ സഹായം തേടാവുന്നതും, അപ്രകാരം സഹായം ആവശ്യപ്പെടുന്നപക്ഷം, കളക്ടർ ആവശ്യമായ സഹായം ലഭ്യമാക്കേണ്ടതുമാണ്.

(4) (2) (ബി) ചട്ടപ്രകാരം അംഗീകരിച്ച നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും സർവ്വേ നമ്പരുകളും വിസ്തൃതിയുമടങ്ങിയ ഡേറ്റാബാങ്ക് സമിതി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതും, സെക്രട്ടറി അത് ഒരു വിജ്ഞാപനം ആയി കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും കൂടാതെ ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസിലും വില്ലേജ് ഓഫീസിലും/ഓഫീസുകളിലും പ്രദർശിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാകുന്നു.

5. നെൽവയൽ നികത്തുന്നതിനുവേണ്ടിയുള്ള അപേക്ഷ.—(1) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിനായി വീട് വയ്ക്കുന്നതിനോ അല്ലെങ്കിൽ 10-ാം വകുപ്പ് പ്രകാരം പൊതുആവശ്യത്തിനായോ നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള ഏതൊരപേക്ഷയും ബന്ധപ്പെട്ട പ്രാദേശിക തല നിരീക്ഷണ സമിതിയുടെ കൺവീനർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. വീട് വയ്ക്കുന്നതിനായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷാ ഫാറം 1-ലും പൊതു ആവശ്യത്തിന് പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള അപേക്ഷ ഫാറം 2-ലും ആയിരിക്കേണ്ടതും മേൽപ്പറഞ്ഞ അപേക്ഷകളിൽ പത്ത് രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കേണ്ടതുമാണ്.

(2) (1)-ാം ഉപചട്ടപ്രകാരം സമിതി മുൻപാകെ ലഭിക്കുന്ന ഓരോ അപേക്ഷയും മുൻഗണനാക്രമമനുസരിച്ച് പരിഗണിക്കേണ്ടതും, നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിന് വേണ്ടിയുള്ള അപേക്ഷയുടെ സംഗതിയിൽ, 9-ാം വകുപ്പ് (8)-ാം ഉപവകുപ്പിൽ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് കൃഷി ഓഫീസറുടെയും വില്ലേജ് ഓഫീസറുടെയും അന്വേഷണ റിപ്പോർട്ട് വാങ്ങുകയും അവ പരിഗണിച്ചുകൊണ്ടും ആവശ്യമായ മറ്റ് അന്വേഷണത്തിന് ശേഷവും സമിതി പ്രസ്തുത അപേക്ഷ സംബന്ധിച്ച തങ്ങളുടെ ശുപാർശ സഹിതം, പരമാവധി അറുപത് ദിവസത്തിനകം അത്, ജില്ലാതല അധികൃത സമിതിയുടെ പരിഗണനയ്ക്കായി അയച്ചുകൊടുക്കേണ്ടതുമാണ്. ജില്ലാതല അധികൃത സമിതി ലഭ്യമാകുന്ന ശുപാർശകളിന്മേൽ ഒരു മാസത്തിനകം തീരുമാനമെടുക്കേണ്ടതാണ്.

(3) പൊതു ആവശ്യത്തിനായി നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള അപേക്ഷയുടെ സംഗതിയിൽ, സമിതി, പൊതു ആവശ്യം, വിസ്തൃതി, മറ്റ് സ്ഥലങ്ങളുടെ അഭാവം തുടങ്ങിയവ സംബന്ധിച്ച് തങ്ങളുടെ ശുപാർശ സഹിതം, അപേക്ഷ, പരാമവധി അറുപത് ദിവസത്തിനകം സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്കായി അയച്ചുകൊടുക്കേണ്ടതാണ്.

6. അപ്പീൽ.—9-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം സമർപ്പിക്കുന്ന അപ്പീലിൽ, അപ്പീൽവാദിയുടെ പൂർണ്ണ മേൽവിലാസവും രൂപാന്തരപ്പെടുത്താൻ അപേക്ഷ നൽകിയിട്ടുള്ള നെൽവയലിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം തുടങ്ങിയ വിശദവിവരങ്ങളും ഉൾപ്പെടുത്തിയിരിക്കണം. അപ്പീലിനോടൊപ്പം, അറുപത് രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കേണ്ടതും അപ്പീലിന് ആധാരമായ ഉത്തരവിന്റെ ഒരു പകർപ്പുകൂടി ഹാജരാക്കേണ്ടതുമാണ്.

7. നെൽവയൽ കൃഷി ചെയ്യിക്കുന്നതിനുള്ള വ്യവസ്ഥകൾ.—(1) 16-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം തദ്ദേശ സ്ഥാപനം കൃഷിക്കായി നെൽവയൽ ഏറ്റെടുക്കുന്നത്, താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം, അതായത്:—

(i) നെൽവയൽ ഏറ്റെടുക്കുന്ന തീയതി മുതൽ പരമാവധി 30 മാസത്തിനകം നെൽവയലിന്റെ അനുഭവക്കാരന് ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി നെൽവയൽ തിരികെ ഏൽപ്പിക്കേണ്ടതാണ്.

(ii) തദ്ദേശ സ്ഥാപനം അഥവാ ആക്റ്റിലേയും അതിന്റെകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി പ്രസ്തുത നെൽവയലിൽ കൃഷി ചെയ്യാനുള്ള അവകാശം ഏറ്റെടുക്കുന്നയാൾ അതത് സ്ഥലത്തെ ഉത്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പഞ്ചായത്ത് നിശ്ചയിക്കുന്ന തുക ഒരു വർഷത്തേക്കുള്ള പ്രതിഫലമായി നെൽവയലിന്റെ അനുഭവക്കാരന് കൃഷിയിറക്കുന്നതിന് മുമ്പ് മുൻകൂർ നൽകേണ്ടതാണ്.

(iii) നെൽക്കൃഷിയോ അതിന്റെ ഇടവിളകളോ കൃഷി ചെയ്യുന്നതിനും അതിന്റെ വിളവെടുക്കുന്നതിനുമുള്ള അവകാശമല്ലാതെ മറ്റ് യാതൊരുവിധ അവകാശങ്ങളും തദ്ദേശ സ്ഥാപനത്തിനോ കൃഷി ചെയ്യുന്നതിന് അവകാശം സിദ്ധിച്ചയാളിനോ ഉണ്ടായിരിക്കുന്നതല്ല.

(iv) നെൽവയലിൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം നിർദ്ദിഷ്ട കാലയളവ് തീരുന്നശേഷം ആയതിന് അവകാശം സിദ്ധിച്ചയാൾ അത് തുടർന്നും കൈവശം വയ്ക്കുന്നപക്ഷം, പ്രസ്തുത നെൽവയൽ തദ്ദേശസ്ഥാപനം അയാളിൽനിന്നും ഒഴിപ്പിച്ച് നെൽവയലിന്റെ അനുഭവക്കാരന്, തിരികെ ഏൽപ്പിക്കേണ്ടതാണ്.

(v) ഈ കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ, ഏതെങ്കിലും കാരണവശാൽ നെൽവയലിന്റെ അനുഭവക്കാരൻ പ്രസ്തുത നെൽവയൽ വിൽക്കുകയോ മറ്റ് വിധത്തിൽ കൈമാറ്റം ചെയ്യുകയോ ചെയ്യുന്നപക്ഷം, നെൽവയൽ കൃഷി ചെയ്യാൻ അവകാശം ലഭിച്ചയാളിന് 30 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകിയതിനുശേഷം കരാർ അവസാനിപ്പിക്കുന്നതിന് കൈമാറ്റം സിദ്ധിച്ച ആളിന് അവകാശം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ നിലവിലുള്ള വിളയുടെ വിളവെടുപ്പ് വരെ തദ്ദേശ സ്ഥാപനത്തിന് അഥവാ പ്രസ്തുത നെൽവയലിൽ കൃഷി ചെയ്യാനുള്ള അവകാശം ഏറ്റെടുക്കുന്ന ആൾക്ക്, കൈവശം തുടരാവുന്നതാണ്.

(vi) നെല്ലിന് പുറമെ നെൽവയലിന്റെ അനുഭവക്കാരൻ അനുവദിക്കുന്ന ഇളവിളകൾ മാത്രമേ നെൽവയലിൽ കൃഷി ചെയ്യാൻ/കൃഷി ചെയ്യിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂ.

(vii) കൃഷി യോഗ്യമല്ലാത്ത രീതിയിൽ നെൽവയലിന്റെ ഘടനയിൽ മാറ്റം വരുത്താനോ അത് രൂപാന്തരപ്പെടുത്താനോ പരിവർത്തനപ്പെടുത്താനോ അതിൽനിന്നും കളിമണ്ണോ, മണലോ, മറ്റ് ധാതുദ്രവ്യങ്ങളോ, ഖനനം ചെയ്യുവാനോ പാടില്ലാത്തതും ഖരമാലിന്യങ്ങൾ നിക്ഷേപിച്ച് മലിനീകരിക്കാൻ പാടില്ലാത്തതുമാണ്.

(2) 16-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം നെൽവയലിന്റെ ഉടമസ്ഥനുമായി ഒപ്പിടുന്ന കരാർ ഫാറം 3-ൽ ആയിരിക്കേണ്ടതാണ്.

ഇവിടെ
10 രൂപയുടെ
കോർട്ട് ഫീ
സ്റ്റാമ്പ്
പതിക്കുക

## അപേക്ഷാ ഫാറം 1

(5-ാം ചട്ടം കാണുക)

**വീട് വയ്ക്കുന്നതിനുള്ള അപേക്ഷാഫാറം**

പ്രാദേശിക നിരീക്ഷണ സമിതി കൺവീനർ മുമ്പാകെ

| | | |
|---|---|---|
| പേര് | : | |
| പൂർണ്ണ മേൽവിലാസം | : | |
| മേൽവിലാസത്തിലുള്ള വാസഗൃഹം സ്വന്തം പേരിലുള്ളതാണോ, അല്ലെങ്കിൽ ആരുടെ പേരിൽ? | : | |
| അപേക്ഷകന് സ്വന്തമായി സംസ്ഥാനത്ത് മറ്റ് ഭൂമി ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ | : | |
| തൊഴിൽ | : | |
| പരിവർത്തനപ്പെടുത്താനുദ്ദേശിക്കുന്ന നെൽവയലിന്റെ വിവരങ്ങൾ : | : | |
| താലൂക്ക് | : | |
| വില്ലേജ് | : | |
| സർവ്വേ നമ്പർ | : | |
| പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | : | |
| പരിവർത്തനപ്പെടുത്തണമെന്നുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി | : | |
| ടി സ്ഥലത്തേക്ക് വഴി സൗകര്യം ഉണ്ടോ? ഉണ്ടെങ്കിൽ വഴിയുടെ വീതി/ഇല്ലെങ്കിൽ വഴി സൗകര്യം എത്രദൂരം വരെയുണ്ട്? | : | |

**സത്യപ്രസ്താവന**

ഈ അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം നെൽവയൽ രൂപാന്തരപ്പെടുത്തിയാൽ അത് പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്നുകിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയില്ല എന്നും എന്റെ പേരിലോ കുടുംബാംഗങ്ങളുടെ പേരിലോ ഈ ആവശ്യത്തിന് പറ്റിയ മറ്റ് സ്ഥലം ഈ ജില്ലയിൽ ഇല്ല എന്നും കെട്ടിടം പണിയുന്നത് എന്റെ സ്വന്തം താമസത്തിന് വേണ്ടിയാണെന്നും നികത്താനുള്ള നെൽവയൽ മറ്റു നെൽവയലുകളാൽ ചുറ്റപ്പെട്ടല്ല സ്ഥിതി ചെയ്യുന്നതെന്നും ........................................................................................................................ എന്ന ഞാൻ, ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

സ്ഥലം : *ഒപ്പും തീയതിയും.*

കൃഷി ഓഫീസറുടെ അഭിപ്രായം :

വില്ലേജ് ഓഫീസറുടെ അഭിപ്രായം :

സമിതിയുടെ ശുപാർശ :

ജില്ലാതല അധികൃത സമിതിയുടെ തീരുമാനം : :

റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവ് :

| |
|---|
| ഇവിടെ<br>10 രൂപയുടെ<br>കോർട്ട് ഫീ<br>സ്റ്റാമ്പ്<br>പതിക്കുക |

## അപേക്ഷാ ഫാറം 2

(5-ാം ചട്ടം കാണുക)

**പൊതു ആവശ്യത്തിനുവേണ്ടി നിലം പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള അപേക്ഷ**

പ്രാദേശിക നിരീക്ഷണ സമിതി കൺവീനർ മുമ്പാകെ

അപേക്ഷകന്റെ/സ്ഥാപനത്തിന്റെ പേര് :

പൂർണ്ണ മേൽവിലാസം :

പൊതു ആവശ്യത്തിന്റെ സ്വഭാവം :

പ്രോജക്റ്റിന്റെ വിശദാംശങ്ങൾ :

ആവശ്യമായ സ്ഥലത്തിന്റെ വിസ്തൃതി :

പരിവർത്തനപ്പെടുത്താനുദ്ദേശിക്കുന്ന നെൽവയലിന്റെ വിവരങ്ങൾ :

താലൂക്ക് :

വില്ലേജ് :

സർവ്വേ നമ്പർ :

പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ :

പരിവർത്തനപ്പെടുത്തണമെന്നുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി :

ടി സ്ഥലത്തേക്ക് വഴി സൗകര്യം ഉണ്ടോ? ഉണ്ടെങ്കിൽ വഴിയുടെ വീതി/ഇല്ലെങ്കിൽ വഴി സൗകര്യം എത്രദൂരം വരെയുണ്ട്? :

| | | |
|---|---|---|
| ഈ ആവശ്യത്തിന് നെൽവയലല്ലാതെ മറ്റ് സ്ഥലം ലഭ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ? | : | |
| പരിവർത്തനപ്പെടുത്തൽ കൊണ്ട് നെൽവയലിന്റെ പാരിസ്ഥിതിക സ്വഭാവത്തിന് മാറ്റം വരുത്താമോ ? | : | |
| തീയതിയോടുകൂടിയ ഒപ്പ് | : | |
| കൃഷി ഓഫീസറുടെ അഭിപ്രായം | : | |
| വില്ലേജ് ഓഫീസറുടെ അഭിപ്രായം | : | |
| സമിതിയുടെ ശുപാർശ | : | |
| സംസ്ഥാനതല അധികൃത സമിതിയുടെ റിപ്പോർട്ട് | : | |

ഫാറം 3

[ചട്ടം 7 (2) കാണുക]

## കരാറിന്റെ മാതൃക

..............................................................................ജില്ലയിൽ..........................................................താലൂക്കിൽ ....................................................വില്ലേജിൽ........................................................പഞ്ചായത്ത്/മുനിസിപ്പാലിറ്റി ..........................................വാർഡിൽ.................................വീട്ടുനമ്പർ.................വയസ്സ്......................................... മകൻ.............................................എന്നയാളും (ഇതിനുശേഷം നെൽവയലിന്റെ അനുഭവക്കാരൻ എന്നാണ് പരാമർശിക്കപ്പെടുക)...........................................................മകൻ....................................പേര് ........................വയസ്സ്....................................................ജില്ലയിലെ...........................................................തദ്ദേശ സ്ഥാപനത്തിനുവേണ്ടി സെക്രട്ടറി എന്ന നിലയിലും (ഇതിനുശേഷം തദ്ദേശ സ്ഥാപനം എന്നാണ് പരാമർശിക്കപ്പെടുക) തമ്മിൽ ഉണ്ടാക്കിയ കരാർ

..............................................................................ജില്ലയിൽ..........................................................താലൂക്കിൽ ....................................................വില്ലേജിൽ............................................................സർവ്വേ നമ്പരിൽപ്പെട്ടതും ...................................................പഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്നതുമായ .............................ഏക്കർ......................സെന്റ് നെൽവയലിൽ നെൽകൃഷിയോ മറ്റ് ഇടവിളകളോ നെൽവയലിന്റെ അനുഭവക്കാരിന് കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ

പ്രസ്തുത നിലത്തിൽ നെല്ലോ മറ്റ് ഇടവിളകളോ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഇന്നേ തീയതി മുതൽ......................................മാസക്കാലത്തേക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ലേലം ചെയ്തോ മറ്റ് വിധത്തിലോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനം ഏൽപ്പിച്ചുകൊടുക്കുന്ന ഏതെങ്കിലും ആളിനെയോ ഏജൻസിയെയോ ഏൽപ്പിക്കുന്നതിന് ഞാൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

**വ്യവസ്ഥകൾ**

1. പ്രസ്തുത നെൽവയൽ ഇന്നു മുതൽ..............................മാസത്തിനുശേഷം നെൽവയലിന്റെ അനുഭവക്കാരന് ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി തിരികെ ഏൽപ്പിക്കേണ്ടതാണ്.

2. തദ്ദേശ സ്ഥാപനം അഥവാ ആക്റ്റിലേയും അതിന്റെകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി പ്രസ്തുത നെൽവയലിൽ കൃഷി ചെയ്യാനുള്ള അവകാശം ഏറ്റെടുക്കുന്നയാൾ..........................................രൂപ (..........................................................രൂപ മാത്രം) ഒരു വർഷത്തേക്കുള്ള പ്രതിഫലമായി നെൽവയലിന്റെ അനുഭവക്കാരന് കൃഷിയിറക്കുന്നതിനുമുമ്പ് മുൻകൂർ നൽകേണ്ടതാണ്.

3. നെൽകൃഷിയോ അതിന്റെ ഇടവിളകളോ കൃഷി ചെയ്യുന്നതിനും അതിന്റെ വിളവെടുക്കുന്നതിനുമുള്ള അവകാശമല്ലാതെ മറ്റ് യാതൊരുവിധ അവകാശങ്ങളും തദ്ദേശ സ്ഥാപനത്തിനോ കൃഷി ചെയ്യുന്നതിന് അവകാശം സിദ്ധിച്ചയാളിനോ ഉണ്ടായിരിക്കുന്നതല്ല.

4. നെൽവയലിൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം കാലയളവ് തീരുന്ന.......ന് ശേഷം ആയതിന് അവകാശം സിദ്ധിച്ച ആൾ അത് തുടർന്നും കൈവശം വയ്ക്കുന്നപക്ഷം പ്രസ്തുത നെൽവയൽ തദ്ദേശസ്വയംഭരണ സ്ഥാപനം അയാളിൽ നിന്നും ഒഴിപ്പിച്ച് നെൽവയലിന്റെ അനുഭവക്കാരന് തിരികെ ഏൽപ്പിക്കുന്നതാണ്.

5. ഈ കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ, ഏതെങ്കിലും കാരണവശാൽ നെൽവയലിന്റെ അനുഭവക്കാരൻ പ്രസ്തുത നെൽവയൽ വിൽക്കുകയോ മറ്റുവിധത്തിൽ കൈമാറ്റം ചെയ്യുകയോ ചെയ്യുന്നപക്ഷം നെൽകൃഷി ചെയ്യാൻ അവകാശം സിദ്ധിച്ചയാളിന്/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് 30 ദിവസത്തെ നോട്ടീസ് നൽകേണ്ടതും പ്രസ്തുത കാലാവധി അവസാനിക്കുമ്പോൾ കരാർ അവസാനിച്ചതായി കണക്കാക്കേണ്ടതുമാണ്. കരാർ അവസാനിപ്പിക്കുന്നതിന് കൈമാറ്റം സിദ്ധിച്ച ആളിന് അവകാശം ഉണ്ടായിരിക്കും. എന്നിരുന്നാലും നിലവിലുള്ള വിളയുടെ വിളവെടുപ്പുവരെ തദ്ദേശ സ്ഥാപനത്തിന് അഥവാ പ്രസ്തുത നെൽവയലിൽ കൃഷി ചെയ്യാനുള്ള അവകാശം ഏറ്റെടുക്കുന്നയാൾക്ക് കൈവശം തുടരാവുന്നതാണ്. നെല്ലിന് പുറമെ..................... എന്നീ ഇടവിളകൾ മാത്രമെ നെൽവയലിൽ കൃഷി ചെയ്യാൻ/കൃഷി ചെയ്യിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂ.

6. കൃഷി യോഗ്യമല്ലാത്ത രീതിയിൽ പ്രസ്തുത വയലിന്റെ ഘടനയിൽ മാറ്റം വരുത്താനോ അത് രൂപാന്തരപ്പെടുത്താനോ പരിവർത്തനപ്പെടുത്താനോ അതിൽനിന്നും കളിമണ്ണോ മണലോ മറ്റു ധാതുദ്രവ്യങ്ങളോ ഖനനം ചെയ്യുവാൻ പാടില്ലാത്തതും ഖരമാലിന്യങ്ങൾ നിക്ഷേപിച്ച് മലിനീകരിക്കാൻ പാടില്ലാത്തതുമാണ്.

7. മുൻപറഞ്ഞ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം അതുവരെ നെൽവയലിന്റെ ഉടമസ്ഥന് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് തദ്ദേശ സ്ഥാപനം ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**റ്റി. റ്റി. ആന്റണി,**

*അഡീഷണൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ ആക്റ്റ്) 30-ാം വകുപ്പ്, പ്രസ്തുത ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്ക് ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

## കേരള സർക്കാർ

റവന്യൂ (പി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (എംഎസ്.) നമ്പർ 139/2009/റവന്യൂ. *തിരുവനന്തപുരം, 2009 മാർച്ച് 31.*

**എസ്. ആർ. ഒ. നമ്പർ 351/2009.**—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെ പട്ടികയിൽ (2)-ാം കോളത്തിൽ പരാമർശിക്കുന്ന റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ, അവരുടെ പേരുകൾക്ക് നേരെ (3)-ാം കോളത്തിൽ പറയുന്ന പ്രദേശത്ത് മേൽപ്പറഞ്ഞ ആക്റ്റ് പ്രകാരമുള്ള അധികാരിത നൽകിക്കൊണ്ട് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി, ഇതിനാൽ നിയമിച്ചുകൊള്ളുന്നു, അതായത്:—

### പട്ടിക

| *ക്രമ നമ്പർ* | *ഉദ്യോഗസ്ഥന്റെ പേര്* | *അധികാരപരിധി* |
|---|---|---|
| (1) | (2) | (3) |
| 1 | ലാന്റ് റവന്യൂ കമ്മീഷണർ | കേരള സംസ്ഥാനം മുഴുവൻ |
| 2 | അഡീഷണൽ/ജോയിന്റ്/ഡെപ്യൂട്ടി ലാന്റ് റവന്യൂ കമ്മീഷണർ | കേരള സംസ്ഥാനം മുഴുവൻ |
| 3 | അസിസ്റ്റന്റ് ലാന്റ് റവന്യൂ കമ്മീഷണർ (റവന്യൂ എസ്റ്റാബ്ലിഷ്മെന്റ്)/ (ലാന്റ് റവന്യൂ)/(ലാന്റ് അസൈൻമെന്റ്)/ ഹൗസിംഗ്/(സീനിയോറിറ്റി സെൽ) | കേരള സംസ്ഥാനം മുഴുവൻ |
| 4 | ജില്ലാ കളക്ടർമാർ | ബന്ധപ്പെട്ട റവന്യൂ ജില്ലാ പരിധിക്കുള്ളിൽ |
| 5 | റവന്യൂ ഡിവിഷണൽ ഓഫീസർമാർ | ബന്ധപ്പെട്ട റവന്യൂ ജില്ലാ പരിധിക്കുള്ളിൽ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. പി. പ്രഭാകരൻ,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ 12-ാം വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനായി സർക്കാർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ റവന്യൂ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി നിയമിക്കേണ്ടതും അവരുടെ അധികാരപരിധി നിശ്ചയിച്ച് നൽകേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് വിജ്ഞാപനം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

## കേരള സർക്കാർ

റവന്യൂ (പി) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 370/2009/റവന്യൂ. *തിരുവനന്തപുരം, 2009 സെപ്റ്റംബർ 24.*

**എസ്. ആർ. ഒ. നമ്പർ 836/2009.**—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ (2008-ലെ 28) 30-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 2008 ഡിസംബർ 24-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 443/2008/റവന്യൂ എന്ന വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2008 ഡിസംബർ 24-ാം തീയതിയിലെ 2743-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 1255/2008 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിലേക്കായി താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

### ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക്, 2009-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ 3-ാം ചട്ടത്തിന് പകരം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"3. പ്രാദേശികതല നിരീക്ഷണ സമിതിയിലേക്കുള്ള നാമനിർദ്ദേശം.—5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (iv)-ാം ഇനത്തിൻകീഴിൽ സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനുവേണ്ടി അതത് സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ നെൽകൃഷിക്കാരുടെ, ആറ് പേരടങ്ങിയ ഒരു പാനൽ ബന്ധപ്പെട്ട കൃഷി ആഫീസർ തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതും, ജില്ലാ കളക്ടർ പ്രസ്തുത പാനലിൽ നിന്നും മൂന്ന് പേരെ നാമനിർദ്ദേശം ചെയ്ത് സമിതി രൂപീകരിക്കേണ്ടതുമാകുന്നു."

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**നിവേദിതാ പി. ഹരൻ,**

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 3-ാം ചട്ടത്തിൽ, പ്രാദേശിക നിരീക്ഷണ സമിതിയിലേക്ക് മൂന്ന് പേരെ നാമനിർദ്ദേശം ചെയ്ത് ജില്ലാ കളക്ടർ സിമിതി രൂപീകരിക്കേണ്ടതാണ് എന്ന് ഭേദഗതി വരുത്താൻ സബ്ജക്റ്റ് കമ്മിറ്റി II (ഭൂനികുതിയും വനവും മത്സ്യബന്ധനവും) ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചട്ടങ്ങൾക്ക് ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.